# റബ്ബർ

സെപ്റ്റംബർ 2025 • വാർഷികവരിസംഖ്യ ₹100

- റബ്ബർബോർഡുയോഗം
- ചില ജാലകക്കാഴ്ചകൾ
- സെപ്റ്റംബറിലും ടാപ്പിങ് തുടങ്ങാം
- കൃഷിപ്പണികൾ
- പരിശീലനപരിപാടികൾ



## റബ്ബർമാസിക @ 60

## വജ്രജൂബിലിയാഘോഷം 2025

# കപ്പുതൈകൾ സുരക്ഷിതമായി എത്തിച്ചുതരുന്നതിന് പ്രത്യേക വാഹന സംവിധാനമുള്ള കപ്പുതൈ റബ്ബർ നഴ്സറി






UNION MKD

ചീരക്കുഴി
CHEERAKUZHY®

Karshakasree K C Kuraikose
**CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.**

Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം


07 | റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷം

14 | റബ്ബർബോർഡ് യോഗം

16 | ചില ജാലകക്കാഴ്ചകൾ

20 | സെപ്റ്റംബറിലും ടാപ്പിങ് തുടങ്ങാം

24 | റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷം - മത്സരങ്ങൾ

26 | കോൾ സെന്റർ

33 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ





712

# റബ്ബർ

സെപ്റ്റംബർ 2025



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



ചെയർമാൻ
**കെസാങ് വൈ. ഷെർപ്പ ഐ.ആർ.എസ്.**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ :
**കെ.കെ. ബെന്നി**



**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ
ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി,
റബ്ബർബോർഡ്, കോട്ടയം - 686 002
എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# കാർഷികമാധ്യമങ്ങളുടെ
# പ്രസക്തി

റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷങ്ങളുടെ ഭാഗമായി കാർഷികമേഖലയിലെ മാധ്യമപ്രവർത്തകരെ സംഘടിപ്പിച്ച് നടത്തിയ പാനൽചർച്ചയിൽ ഉയർന്നുവന്ന വിഷയം ഇന്നത്തെ സാഹചര്യത്തിൽ സുസ്ഥിര കാർഷികവികസനത്തിൽ കാർഷിക മാധ്യമങ്ങളുടെ പങ്കാണ്. ഈ വിഷയത്തിൽ മാധ്യമഉത്തരവാദിത്തം ചില വിവരങ്ങൾ മാത്രം നൽകുന്നതിലൊതുങ്ങുന്നില്ല; മറിച്ച്, കർഷകർക്ക് തീരുമാനങ്ങളെടുക്കാൻ സഹായകമായ ശരിയായ മാർഗനിർദേശം നൽകുക എന്നതുകൂടിയാണ്.

ഇന്ന് ഡിജിറ്റൽ മീഡിയയും സോഷ്യൽ മീഡിയയും വിവരങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനാൽ അവ യുവജനങ്ങളെ ആകർഷിക്കുകയും കൂടുതൽ ആളുകളിലേക്ക് സന്ദേശം വളരെ വേഗം വ്യാപിക്കുകയും ചെയ്യുന്നു. ഇങ്ങനെ വ്യാപിക്കുന്ന വിവരങ്ങൾക്ക് ആധികാരികത പലപ്പോഴും ഉണ്ടാകാറില്ല. കർഷകർ തെറ്റായ രീതികൾ പിന്തുടർന്നാൽ, റബ്ബർ പോലുള്ള ദീർഘകാലവിളകളിൽ ഉണ്ടാകുന്ന നഷ്ടം പലപ്പോഴും തിരുത്താനാകാത്തതായിരിക്കും. നടീൽവസ്തുക്കളും നടീലിനങ്ങളും തെരഞ്ഞെടുക്കുന്നതിലോ രോഗനിയന്ത്രണത്തിലോ മറ്റും വീഴ്ച സംഭവിച്ചാൽ, അത് വർഷങ്ങളോളം വിളവിനെയും അതുവഴി കർഷകന്റെ ഉപജീവനത്തെയും ബാധിക്കും. റബർമാസിക പോലുള്ള പ്രസിദ്ധീകരണങ്ങൾ ആധികാരികമായതും വിശ്വാസ്യതയുള്ളതുമായ വാർത്തകൾ മാത്രമാണ് നൽകുന്നത്. അതുകൊണ്ടു തന്നെ ഈ മാധ്യമങ്ങൾ പ്രസക്തമാണ്.

വജ്രജൂബിലിയാഘോഷങ്ങളുടെ ഭാഗമായി റബ്ബർബോർഡ് സംഘടിപ്പിക്കുന്ന മത്സരങ്ങൾക്കുള്ള രചനകളും ചിത്രങ്ങളും ലഭിക്കേണ്ട അവസാനതീയതി 2025 സെപ്റ്റംബർ 20 വരെ നീട്ടിയിട്ടുണ്ട്. വിശദവിവരങ്ങൾ ഈ ലക്കത്തിൽ കൊടുത്തിട്ടുണ്ട്.

– എഡിറ്റർ



# റബ്ബർബോർഡുപദ്ധതികളുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താം

പുതുക്കൃഷിക്കും ആവർത്തനക്കൃഷിക്കും ധനസഹായം നൽകുന്നതിന് റബ്ബർബോർഡ് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. 2025–ൽ റബ്ബർ കൃഷിചെയ്ത കർഷകർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. റബ്ബർകൃഷിക്ക് വേണ്ടിവരുന്ന ചെലവിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ എങ്കിലും, തോട്ടങ്ങളിൽ നിന്ന് വരുമാനമൊന്നും ലഭിക്കാത്ത ഈ കാലയളവിൽ പദ്ധതിയാനുകൂല്യങ്ങൾ കർഷകർക്ക് പ്രയോജനകരമാകും. എന്നാൽ, റബ്ബറിന്റെ അപക്വകാലത്തിൽ ഇടവിളക്കൃഷിയിലൂടെ കർഷകർക്ക് വരുമാനം നേടാനാകും എന്നത് ഇവിടെ ഓർമിപ്പിക്കുന്നു. ഇടവിളകൾ കൃഷിചെയ്യുമ്പോൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്.

കേരളമുൾപ്പെടുന്ന പരമ്പരാഗത റബ്ബർകൃഷിമേഖലയിൽ ഹെക്ടറിന് 40,000 രൂപയാണ് സഹായധനമായി നൽകുന്നത്. 'സർവീസ്പ്ലസ്' എന്ന വെബ് പോർട്ടൽ വഴി ഓൺലൈനായാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഇതിന്റെ ലിങ്ക് റബ്ബർബോർഡ് വെബ്സൈറ്റിൽ (www.rubberboard.gov.in) ലഭ്യമാണ്. റബ്ബർകർഷകർ അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്. കൃഷിചെയ്യുന്നതിനുള്ള ധനസഹായത്തിനുപുറമെ 2025–ൽ തോട്ടങ്ങളിൽ രോഗപ്രതിരോധത്തിനായി സ്പ്രേയിങ്ങും മഴക്കാല ടാപ്പിങ്ങിനായി റെയിൻഗാർഡിങ്ങും നടത്തിയ കർഷകർക്കും റബ്ബറുത്പാദകസംഘങ്ങൾ വഴി സാമ്പത്തിക സഹായം നൽകും. ഈ ആനുകൂല്യങ്ങൾക്കായി 'സർവീസ്പ്ലസ്' വെബ് പോർട്ടൽ വഴി ആവശ്യമായ രേഖകൾസഹിതം ബന്ധപ്പെട്ട റബ്ബറുത്പാദകസംഘങ്ങളാണ് അപേക്ഷ നൽകേണ്ടത്. ഈ പദ്ധതികൾക്ക് ഹെക്ടറിന് 4,000 രൂപ വീതമാണ് സഹായധനമായി നൽകുന്നത്. പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. അല്ലെങ്കിൽ ബോർഡിന്റെ റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ നിന്നും റബ്ബർബോർഡ് കോൾസെന്ററിലൂടെയും വിവരങ്ങൾ ലഭിക്കുന്നതാണ്.

1947–ൽ രൂപവത്കരിക്കപ്പെട്ട റബ്ബർബോർഡ് അതിന്റെ ദീർഘമായ യാത്രയിൽ 2025 വർഷം ചില സുപ്രധാന നാഴികക്കല്ലുകൾ പിന്നിട്ടിരിക്കുന്നു. റബ്ബർകൃഷി പ്രചരിപ്പിക്കുക, ശാസ്ത്രീയ റബ്ബർകൃഷി കർഷകർക്കിടയിൽ പ്രാവർത്തികമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ തുടങ്ങിയ റബ്ബർമാസിക അതിന്റെ പ്രസാധനത്തിന്റെ 60 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുകയാണ്. 1965 ആഗസ്റ്റിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഈ മാസികയ്ക്ക് റബ്ബർകർഷകർക്കിടയിൽ അന്നു മുതൽ ലഭിച്ച സ്വീകാര്യത ഇന്നും തുടരുന്നു. മാസികയിൽ പ്രസിദ്ധീകരിച്ച മാതൃകാകർഷകരുടെ വിജയകഥകൾ മറ്റുള്ളവർക്ക് വലിയ പ്രചോദനമായിട്ടുണ്ട്. 2025 ആഗസ്റ്റ് മാസം മാസികയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി റബ്ബർകർഷകർ, ഉദ്യോഗസ്ഥർ, അതിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ടവർ എന്നിവരെ ഉൾപ്പെടുത്തി ഒരു സെമിനാർ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി ചില മത്സരങ്ങളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

കൂടാതെ, റബ്ബർബോർഡിന്റെ പരിശീലന കേന്ദ്രമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഒരു സമ്പൂർണ പരിശീലനകേന്ദ്രമായി സ്ഥാപിതമായിട്ട് 25 വർഷങ്ങൾ പൂർത്തിയായിരിക്കുന്നു. റബ്ബറുമായി ബന്ധപ്പെട്ട വിവിധമേഖലകളിലെ പരിശീലനത്തിനുള്ള ഒരു പ്രമുഖ സ്ഥാപനമാണിത്. 2000–ൽ സ്ഥാപിതമായ പരിശീലനകേന്ദ്രം കഴിഞ്ഞ 25 വർഷമായി, റബ്ബർമേഖലയിൽ നൈപുണ്യവികസനത്തിലും ഗവേഷണ കണ്ടുപിടുത്തങ്ങൾ പ്രചരിപ്പിക്കുന്നതിലും നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. റബ്ബർമേഖലയുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ രജതജൂബിലി ആഘോഷിക്കാൻ റബ്ബർബോർഡ് പദ്ധതിയിടുന്നു.

റബ്ബർമാസികയുടെ വായനക്കാർക്ക് എന്റെ ഓണാശംസകൾ!

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്


റബ്ബർ മാസിക
DIAMOND
2025



# റബ്ബർമാസികയുടെ
# വജ്രജൂബിലിയാഘോഷം

റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷങ്ങളുടെ ഉദ്ഘാടനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. നിർവഹിച്ചു. യോഗത്തിൽ റബ്ബർപ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി. അദ്ധ്യക്ഷത വഹിച്ചു.

റബ്ബർകൃഷിയും റബ്ബർതോട്ടവ്യവസായവുമായി ബന്ധപ്പെട്ട അറിവുകൾ പകരുക എന്ന ഉദ്ദേശ്യത്തോടെ 1965 ആഗസ്റ്റ് മാസമാണ് റബ്ബർമാസിക ആദ്യം പ്രസിദ്ധീകരിച്ചത്. രാജ്യത്ത് റബ്ബർകൃഷി വ്യാപകമായി തുടങ്ങിയത് കേരളത്തിലായതിനാലാണ് പ്രാദേശിക ഭാഷയായ മലയാളത്തിൽ മാസിക തുടങ്ങിയത്. അന്ന് പി.എസ്. ഹബീബ് മുഹമ്മദ് ഐ.എ.എസ്. ആയിരുന്നു റബ്ബർബോർഡ് ചെയർമാൻ. റബ്ബർമാസികയുടെ ആദ്യ എഡിറ്റർ പി. കെ. നാരായണനും ആയിരുന്നു. റബ്ബർകൃഷി രംഗത്ത് ഉണ്ടായ വളർച്ചയ്ക്ക് പിന്നിൽ ഗവേഷണ-വികസന പ്രവർത്തനങ്ങളോടൊപ്പം ഈ മാസികയ്ക്കും പങ്കുണ്ട്. കർഷകരെ ചിന്തിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം റബ്ബർബോർഡിന്റെ ഗവേഷണ-വികസന അറിയിപ്പുകൾ, പരിശീലനപരിപാടികൾ, റബ്ബർസ്ഥിതിവിവരക്കണക്കുകൾ, റബ്ബർവില എന്നിവയെല്ലാം മാസിക വായനക്കാരിലെത്തിക്കുന്നു.

ഒരു വിളയ്ക്കുവേണ്ടി മാത്രമായി ഒരു മാസിക എല്ലാ മാസവും തുടർച്ചയായി പ്രസിദ്ധീകരിക്കുക എന്നത് വളരെ ശ്രമകരമാണെങ്കിലും 60 വർഷമായി റബ്ബർമാസിക തുടർച്ചയായി പ്രസിദ്ധീകരിച്ചുവരുന്നു എന്നതും മാസികയ്ക്ക് റബ്ബർകർഷകർക്കിടയിൽ പ്രചാരം നേടിയെടുക്കാൻ കഴിഞ്ഞു എന്നതും വളരെയധികം അഭിനന്ദനാർഹമായ കാര്യമാണെന്ന് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. റബ്ബർകൃഷിയുള്ള മറ്റു സംസ്ഥാനങ്ങളിലെ കർഷകർക്കായും റബ്ബർബോർഡ്






*എം. വസന്തഗേശൻ ഐ.ആർ.എസ്.*




*റബ്ബർമാസികയുടെ ആദ്യലക്കത്തിന്റെ മുഖചിത്രം*

പ്രാദേശികഭാഷകളിൽ പ്രസിദ്ധീകരണങ്ങളിറക്കുന്നുണ്ട്. കർഷകർക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവരുടെ അഭിപ്രായങ്ങൾ അറിയിക്കുന്നതിനുമുള്ള ഉപാധിയായി റബ്ബർമാസികയെ കാണുന്നുവെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

റബ്ബർകൃഷി വ്യാപനത്തിനും കൃഷിയിടങ്ങളിൽ ശാസ്ത്രീയമായ കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും സഹായിക്കുന്ന ഒരു പ്രധാനപ്പെട്ട ഉപാധിയാണ് റബ്ബർ മാസികയെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി. അഭിപ്രായപ്പെട്ടു. ഓരോ മാസവും ചെയ്യേണ്ട കൃഷിപ്പണികൾ അതിനു തൊട്ടുമുമ്പുള്ള മാസത്തെ റബ്ബർമാസികയിൽ കൃത്യമായി ഉൾപ്പെടുത്തുന്നത് കർഷകർക്ക് വളരെയേറെ പ്രയോജനം ചെയ്യുന്നുണ്ട്. വിവിധ സമൂഹമാധ്യമങ്ങളിലൂടെ ഇന്ന് വിവരസാങ്കേതികവിദ്യകൾ നമുക്ക് ലഭ്യമാകുമെങ്കിലും അതിന്റെ ആധികാരികത ഉറപ്പാക്കാൻ പ്രത്യേകിച്ച് സംവിധാനങ്ങൾ ഒന്നുമില്ലാത്തതിനാൽ ശരിയേത് തെറ്റേത് എന്ന് തിരിച്ചറിയാൻ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. എന്നാൽ, റബ്ബർമാസികയിലെ ലേഖനങ്ങളിലൂടെ കൂടുതൽ ശരിയായ വിവരങ്ങൾ കർഷകർക്ക് ലഭ്യമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു.

പുതിയ വിളകളെക്കുറിച്ചും പുതിയ സാങ്കേതികവിദ്യകളെക്കുറിച്ചും കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനാസാധ്യതകളെക്കുറിച്ചും കർഷകരിൽ എത്തിക്കുന്നതിൽ കാർഷികമാസികകൾക്ക് മുഖ്യമായ പങ്കുണ്ടെന്ന് 'കാർഷികമേഖലയുടെ ഉന്നമനത്തിൽ മാധ്യമങ്ങളുടെ പ്രസക്തി' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തിയ 'കർഷകശ്രീ' എഡിറ്റർ ഇൻ ചാർജ് ടി.കെ. സുനിൽകുമാർ പറഞ്ഞു. നവീന കൃഷികളും കൃഷിരീതികളും നടപ്പാക്കുന്ന കർഷകരെക്കുറിച്ച് കാർഷിക മാസികകളിൽ വരുന്ന ലേഖനങ്ങൾ മറ്റു കർഷകർക്കും



*ഡോ. സിജു റ്റി.*



*ടി.കെ. സുനിൽകുമാർ*

പ്രചോദനമാകുന്നുണ്ട്. സമൂഹമാധ്യമങ്ങളിൽ കൃഷി സംബന്ധമായ അറിവുകൾ ലഭ്യമാണെങ്കിലും ഉത്തരവാദിത്വത്തോടെ പ്രസിദ്ധീകരിക്കുന്ന കാർഷികമാസികകളിലെ വിവരങ്ങൾക്കായിരിക്കും കൂടുതൽ ആധികാരികതയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സർക്കാർ സംവിധാനത്തിലും അല്ലാതെയും മുമ്പ് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന പല കാർഷികമാസികകളും നിന്നുപോയപ്പോഴും കഴിഞ്ഞ 60 വർഷങ്ങളായി റബ്ബർ കർഷകർക്ക് പുതിയ വിവരങ്ങൾ നൽകുന്നതോടൊപ്പം ആവശ്യമായ സമയത്ത് മുന്നറിയിപ്പ് നൽകുകയും ചെയ്തുകൊണ്ട് റബ്ബർമാസിക പ്രസിദ്ധീകരിച്ചു വരുന്നത് ഒരു വലിയ കാര്യമാണെന്ന് റബ്ബർബോർഡിലെ സെക്രട്ടറി ഇൻ ചാർജ് ഡോ. ബിനോയ് കെ. കുര്യൻ പറഞ്ഞു. യോഗത്തിൽ 'റബ്ബർമേഖലയിലെ നൂതന ചലനങ്ങളും അവയുടെ വാർത്താപ്രാധാന്യവും' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. റബ്ബർമേഖലയിൽ റബ്ബർബോർഡ് നടപ്പാക്കിയ പദ്ധതികളും റബ്ബറുത്പാദകസംഘങ്ങളും റബ്ബർകർഷകരും നടപ്പാക്കിയ നൂതനകാര്യങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഏക ഔദ്യോഗിക പ്രസിദ്ധീകരണം റബ്ബർമാസിക മാത്രമാണ്. ഭാവിതലമുറയ്ക്ക് പഠിക്കാനും ചിന്തിക്കാനും മുന്നോട്ടുള്ള പ്രവർത്തന




*ഡോ. ബിനോയ് കെ. കുര്യൻ*



*എം.ജി. സതീഷ് ചന്ദ്രൻ നായർ*



*പ്രസന്നൻ ആനിക്കാട്*



*മുരളീധരൻ തഴക്കര*

ത്തിനും ഉതകുന്നാണ് ഈ മാസികയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

റബ്ബർകൃഷിയെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ അറിവ് പകർന്നുകൊടുക്കുക, വളരെ വിജയകരമായി കൃഷിചെയ്യുന്ന മാതൃകാകർഷകരെ പരിചയപ്പെടുത്തുക, റബ്ബർബോർഡിന്റെ ധനസഹായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ കർഷകരിലേക്കെത്തിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് റബ്ബർമാസിക ആരംഭിച്ചതെന്നും ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ റബ്ബർമാസിക വിജയിച്ചിട്ടുണ്ടെന്നും റബ്ബർബോർഡിലെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗം മുൻ ഡെപ്യൂട്ടി ഡയറക്ടർ എം.ജി. സതീഷ് ചന്ദ്രൻ നായർ പറഞ്ഞു. റബ്ബർമാസിക പിന്നിട്ട നാൾവഴികളെപ്പറ്റി സംസാരിക്കുകയായിരുന്നു അദ്ദേഹം. റബ്ബർമാസികയിലെ കാർട്ടൂൺ



*ബി. ശ്രീകുമാർ*



*ബെന്നി കെ.കെ.*



*പി.ജി. സലിംകുമാർ*



*സെബാസ്റ്റ്യൻ കെ.ഡി.*




*പാനൽ ചർച്ചയിൽ മോഡറേറ്റർ നിമി ജോർജ് സംസാരിക്കുന്നു. വിനോദ് നെടുമുടി, മുരളീധരൻ തഴക്കര, രാജു മാത്യു, ജെയിംസ് ജേക്കബ്, അജീഷ് പ്രഭാകരൻ എന്നിവർ സമീപം (ഇടത്തുനിന്ന്)*

പേജ് കൈകാര്യം ചെയ്യുന്ന കാർട്ടൂണിസ്റ്റ് പ്രസന്നൻ ആനിക്കാട് മാസികയിലെ കാർട്ടൂൺ കഥാപാത്രങ്ങളായ തോട്ടത്തിലാശാനെയും കുഞ്ഞൂട്ടിയെയും വരച്ചുകൊണ്ട് വേദിയിൽ കാർട്ടൂൺ രചന നടത്തി.

'സുസ്ഥിരകൃഷിയിൽ മാധ്യമങ്ങളുടെ സ്വാധീനം' എന്ന വിഷയത്തെ അധികരിച്ച് നടത്തിയ പാനൽ ചർച്ചയിൽ മുരളീധരൻ തഴക്കര (പ്രോഗ്രാം എക്സിക്യൂട്ടീവ് (റിട്ട.), ആകാശവാണി), രാജു മാത്യു (സ്പെഷ്യൽ കറസ്പോണ്ടന്റ്, മലയാള മനോരമ), അജീഷ് പ്രഭാകരൻ (സബ് എഡിറ്റർ, മാതൃഭൂമി), ജെയിംസ് ജേക്കബ് (അസിസ്റ്റന്റ് എഡിറ്റർ, കർഷകശ്രീ), വിനോദ് നെടുമുടി (റബ്ബർ ന്യൂസ് സ്പെഷ്യലിസ്റ്റ്) എന്നിവർ പാനലിസ്റ്റുകൾ ആയി പങ്കെടുത്തു. നിമി ജോർജ് (എഡിറ്റർ, കാർഷികരംഗം.കോം) ആയിരുന്നു പാനൽ ചർച്ചയുടെ മോഡറേറ്റർ.

റബ്ബർമാസികയുടെ നാളിതുവരെയുള്ള ജൈത്രയാത്രയിൽ സമഗ്രസംഭാവനകൾ നൽകിയവരെ ചടങ്ങിൽ ആദരിച്ചു. റബ്ബർബോർഡിലെ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറായി വിരമിച്ച പി.ജി. സലിംകുമാർ, റബ്ബർബോർഡിൽ നിന്നും സീനിയർ സയന്റിസ്റ്റായി വിരമിച്ച ഡോ. വിനോദ് തോമസ് എന്നിവരെ റബ്ബർ മാസികയിൽ ഏറ്റവും അധികം ലേഖനങ്ങൾ പ്രസിദ്ധീകരിച്ച വ്യക്തികളെന്ന നിലയിൽ ആദരിച്ചു.

റബ്ബർമാസികയിൽ കഴിഞ്ഞ 169 ലക്കങ്ങളിലായി 'മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ ' എന്ന പംക്തിയിലുടെ കർഷകരുമായി സംവദിക്കുന്ന ആകാശവാണി മുൻ പ്രോഗ്രാം എക്സിക്യൂട്ടീവ് മുരളീധരൻ തഴക്കര; റബ്ബർമാസികയിൽ വർഷങ്ങളായി തോട്ടത്തിലാ





*പി.ജി. സലിംകുമാർ ആദരവ് ഏറ്റുവാങ്ങുന്നു*



*ഡോ. വിനോദ് തോമസ് ആദരവ് ഏറ്റുവാങ്ങുന്നു*



*മുരളീധരൻ തഴക്കര ആദരവ് ഏറ്റുവാങ്ങുന്നു*



*പ്രസന്നൻ ആനിക്കാട് ആദരവ് ഏറ്റുവാങ്ങുന്നു*



*കുമാർ പി. മൂക്കുതല ആദരവ് ഏറ്റുവാങ്ങുന്നു*



*എം.ജി. സതീഷ് ചന്ദ്രൻ നായർ ആദരവ് ഏറ്റുവാങ്ങുന്നു*

ശാൻ എന്ന കാർട്ടൂൺ പംക്തി കൈകാര്യം ചെയ്യുന്ന കാർട്ടൂണിസ്റ്റ് പ്രസന്നൻ ആനിക്കാട്; റബ്ബർമാസികയിലെ ലേഖനങ്ങൾക്കും 'മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ' എന്ന പംക്തിക്കും രേഖാചിത്രങ്ങൾ വരച്ചു നൽകിയ റബ്ബർബോർഡിലെ മുൻ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ കുമാർ പി. മൂക്കുതല എന്നിവരെയും ചടങ്ങിൽ ആദരിച്ചു.

റബ്ബർബോർഡിലെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയും റബ്ബർമാസിക അടക്കമുള്ള ബോർഡിന്റെ പ്രസിദ്ധീകരണങ്ങളുടെ മുഖ്യ പത്രാധിപസ്ഥാനവും വഹിച്ചിരുന്ന എം.ജി. സതീഷ് ചന്ദ്രൻ നായർ, കെ.ജി. സതീശ് കുമാർ, പി. പ്രസാദ് എന്നിവരെയും റബ്ബർമാസികയുടെ വജ്രജൂബിലി ആഘോഷവേളയിൽ ആദരിക്കുകയുണ്ടായി. അതോടൊപ്പം റബ്ബർബോർഡിൽ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടറായും റബ്ബർമാസികയുടെ എഡിറ്റർ ഇൻ ചാർജ്, അസോസിയേറ്റ് എഡിറ്റർ എന്നീ നിലകളിലും പ്രവർത്തിച്ച സെബാസ്റ്റ്യൻ കെ.ഡി., റബ്ബർബോർഡിൽ ഡെവലപ്മെന്റ് ഓഫീസർ ആയി വിരമിച്ച റബ്ബർ മാസികയുടെ മുൻ അസിസ്റ്റന്റ് എഡിറ്റർ സിറിയക് സെബാസ്റ്റ്യൻ എന്നിവരെയും ചടങ്ങിൽ ആദരിച്ചു.

റബ്ബർമാസികയ്ക്ക് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഏറ്റവും കൂടുതൽ വരിക്കാരെ ചേർത്ത തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവ



*കെ.ജി. സതീശ് കുമാർ ആദരവ് ഏറ്റുവാങ്ങുന്നു*



*പി. പ്രസാദ് ആദരവ് ഏറ്റുവാങ്ങുന്നു*



*സെബാസ്റ്റ്യൻ കെ.ഡി. ആദരവ് ഏറ്റുവാങ്ങുന്നു*



*സിറിയക് സെബാസ്റ്റ്യൻ ആദരവ് ഏറ്റുവാങ്ങുന്നു*



*എസ്. നിർമൽകുമാർ, അരുണാ ജോർജ്, ദീപാ സുകുമാർ എന്നിവർ ആദരവ് ഏറ്റുവാങ്ങുന്നു (ഇടത്തുനിന്ന്)*

ലപ്മെൻറ് ഓഫീസർ എസ്. നിർമൽകുമാറും കഴിഞ്ഞ വർഷം റബ്ബർമാസികയ്ക്ക് കൂടുതൽ വരിക്കാരെ ചേർത്തതിന് റബ്ബർബോർഡിലെ മുൻ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ അരുണാ ജോർജും തിരുവനന്തപുരം റീജിയണൽ ഓഫീസിലെ ഫീൽഡ് ഓഫീസർ ദീപാ സുകുമാറും എക്സിക്യൂട്ടീവ് ഡയറക്ടറിൽനിന്ന് ആദരവ് ഏറ്റുവാങ്ങി.

റബ്ബർമാസികയുടെ കഴിഞ്ഞ 60 വർഷത്തെ ചരിത്രം വിവരിക്കുന്ന ഒരു വീഡിയോപ്രദർശനവും നടത്തി. റബ്ബർമാസികയുടെ തുടക്കം മുതൽ നാളിതുവരെ റബ്ബർ ബോർഡിനെ നയിച്ച ചെയർമാൻമാരുടെയും എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെയും റബ്ബർമാസികയുടെ എഡിറ്റർമാരായിരുന്ന യശ്ശശരീരരായ പി.കെ. നാരായണൻ, കെ.എ. അരവിന്ദാക്ഷൻ നായർ, പി.എൻ. നാരായണൻ നായർ, കെ.വി. വർക്കി എന്നിവരുടെയും വിവരങ്ങൾ വീഡിയോയിൽ ഉൾപ്പെടുത്തിയിരുന്നു.

റബ്ബർബോർഡിലെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ് ബി. ശ്രീകുമാർ ചടങ്ങിൽ സ്വാഗതവും പബ്ലിസിറ്റി ഓഫീസർ ബെന്നി കെ.കെ. നന്ദിയും പറഞ്ഞു.

റബ്ബർകർഷകർ, റബ്ബറുത്പാദകസംഘം പ്രതിനിധികൾ, മാധ്യമ പ്രതിനിധികൾ, റബ്ബർമാസികയുടെ മുൻകാല ലേഖകർ, നിലവിൽ മാസികയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ, റബ്ബർബോർഡുദ്യോഗസ്ഥർ തുടങ്ങി ഇരുന്നൂറിലധികം പേർ ചടങ്ങിൽ സംബന്ധിച്ചു. •

# റബ്ബർബോർഡ് യോഗം

റബ്ബർബോർഡിന്റെ 190-ാമത് യോഗം കോട്ടയത്തെ റബ്ബർബോർഡ് കേന്ദ്ര ഓഫീസിൽ വെച്ചു നടന്നു. റബ്ബർബോർഡ് ചെയർമാനും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയുമായ കെസാങ് വൈ. ഷെർപ്പ ഐ.ആർ.എസ്. യോഗത്തിൽ അധ്യക്ഷത വഹിച്ചു.

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., റബ്ബറിന്റെ നിലവിലെ ആഭ്യന്തര സ്ഥിതിയെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ട് പ്രകാരം 2024-25 -ൽ രാജ്യത്തെ പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനം 8,75,000 ടൺ ആയിരുന്നു. മുൻവർഷത്തെ 8,57,000 ടണ്ണിൽ നിന്ന് ഉത്പാദനം 2.1 ശതമാനം വളർച്ച രേഖപ്പെടുത്തി. 2024-25 -ൽ പ്രകൃതിദത്തറബ്ബറിന്റെ ആഭ്യന്തര ഉപഭോഗം മുൻവർഷത്തെ 14,16,000 ടണ്ണിൽ നിന്ന് 0.4 ശതമാനം കുറഞ്ഞ് 14,10,000 ടണ്ണായി. 2023-ലും 2024-ലും റബ്ബർകൃഷി നടത്തിയ കർഷകർക്കായി 11.78 കോടി രൂപ സഹായധനമായി വിതരണം ചെയ്തു. റബ്ബറുത്പാദനം വർധിപ്പിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്യുന്നതിനായി 6.71 കോടി രൂപ അനുവദിച്ചു. 16,769 ഹെക്ടർ തോട്ടത്തിലെ മരങ്ങൾ ഈ പദ്ധതി വഴി റെയിൻഗാർഡ് ചെയ്യാനായി. റബ്ബർതോട്ടങ്ങളിൽ മരുന്നുതളി നടത്തുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം 0.95 കോടി രൂപ അനുവദിച്ചു. 2,378 ഹെക്ടർ തോട്ടത്തിൽ ഈ പദ്ധതിപ്രകാരം മരുന്നുതളി നടത്തി. സമൂഹ റബ്ബർപാൽ സംസ്കരണശാലകളുടെ നവീകരണത്തിനായി റബ്ബർബോർഡുപദ്ധതിയിലൂടെ 65.81 ലക്ഷം രൂപയും അനുവദിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷം 550, 918 ടൺ റബ്ബറാണ് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത്. റബ്ബർകയറ്റുമതി 2023-24 നെ അപേക്ഷിച്ച് 2024-25 ൽ 14.8 ശതമാനം വർദ്ധനയോടെ 4,819 ടൺ ആയി. കഴിഞ്ഞ സാമ്പത്തികവർഷം റബ്ബർബോർഡ് 1853 കർഷകപരിശീലനപരിപാടികൾ











നടത്തി. 46,942 കർഷകർക്ക് ഇത് പ്രയോജനപ്പെട്ടു. ടാപ്പിങ് തൊഴിലാളികളുടെ നൈപുണ്യവികസനത്തിനായി നടത്തിയ 252 പരിശീലനപരിപാടികളിൽ 3548 ടാപ്പിങ് തൊഴിലാളികൾ പങ്കെടുത്തു. റബ്ബർബോർഡും ടയർ കമ്പനികളുടെ സംഘടനയായ ആട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസ്സോസിയേഷനും ചേർന്ന് റബ്ബർ കൃഷിവികസനത്തിനായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന 'ഇൻറോഡ്' പദ്ധതി പ്രകാരം 2025 ജൂലൈ 31 വരെ 1,50,916 ഹെക്ടർ സ്ഥലത്ത് റബ്ബർ തൈകൾ നട്ടു.

റബ്ബർബോർഡ് അംഗങ്ങളായ എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ് (പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്, കേരള സർക്കാർ), ഷീല തോമസ് ഐ.എ.എസ്. (റിട്ട.) (മാനേജിങ് ഡയറക്ടർ, കേരള റബ്ബർ ലിമിറ്റഡ്), പി. രവീന്ദ്രൻ, സി.എസ്. സോമൻ പിള്ള, കോര സി. ജോർജ്, കല്ലോൽ ഡേ, ബിപ്ലബ് കർ, എം.പി. രാജീവൻ, കെ. വിശ്വനാഥൻ, വസന്ത് അനാലികെ, കേശവ് ഭട്ട് മൂലിയ, ഡോ. സിജു റ്റി. (റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ) എന്നിവർ യോഗത്തിൽ പങ്കെടുത്തു. •




എം.ജി. സതീഷ് ചന്ദ്രൻ

# ചില
# ജാലകക്കാഴ്ചകൾ


റബ്ബർമാസിക:
ഒറ്റപ്രതി: വില 13 പൈസ
വാർഷിക വരിസംഖ്യ: ഒന്നര രൂപ
അമ്പരക്കേണ്ട കേട്ടോ?

ഇതൊരു പുതിയ അറിയിപ്പല്ല.

അറുപതു വയസ്സ് തികഞ്ഞ *റബ്ബർ* മാസികയുടെ ആദ്യലക്കം – 1965 ആഗസ്റ്റ് ലക്കം – തുറന്നു നോക്കുമ്പോൾ കാണുന്ന വിവരമാണ്.

നോക്കുക: മാസികയുടെ വാർഷികവരിസംഖ്യ അന്നും ഇന്നും ഏതാണ്ട് അരക്കിലോ റബ്ബറിന്റെ വില മാത്രമാണ് (ചെലവിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് വരിക്കാരോട് ഈടാക്കുന്നത്.) ഇത്തരത്തിലുള്ള ഒരുപാടു കൗതുകക്കാഴ്ചകൾ മാത്രമല്ല, ഒട്ടേറെ ചരിത്രപ്രധാനമായ വിവരങ്ങളും വിജ്ഞാനശകലങ്ങളും സ്ഥിതിവിവരക്കണക്കുകളും ഒക്കെയുണ്ട് മാസികയുടെ പഴയ ലക്കങ്ങളിൽ. ചുരുക്കത്തിൽ, റബ്ബർകൃഷിയുടെയും റബ്ബർബോർഡിന്റെയും ചരിത്ര പഥങ്ങളാണ് ആ ലക്കങ്ങളിൽ തെളിഞ്ഞുവരുന്നത്. 1965 മുതൽ റബ്ബർകൃഷിയും റബ്ബറും നമ്മുടെ നാട്ടിൽ കൊണ്ടുവന്ന സാമ്പത്തിക–സാമൂഹിക പുരോഗതിയുടെയും പരിണാമചരിത്രം അവയിൽ പ്രതിഫലിക്കുന്നു.

റബ്ബർ വിജ്ഞാനവ്യാപനത്തിലെ 'കുലപതി' എന്നു വിശേഷിപ്പിക്കാവുന്ന പി. കെ. നാരായണൻ (അന്നത്തെ റബ്ബർബോർഡ് പി.ആർ.ഒ.; പിന്നീടദ്ദേഹം റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ആയി) ആയിരുന്നു ആദ്യകാലത്തെ മാസിക എഡിറ്റർ. (മാസികയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം എഡിറ്ററായിരുന്നതും അദ്ദേഹം തന്നെ – 1992 ജൂലൈ മാസം വരെ – 27 വർഷം.) ടി.എൻ.വി. നമ്പൂതിരി അസിസ്റ്റന്റ് എഡിറ്ററും.





റബ്ബർമാസികയുടെ ആദ്യ എഡിറ്റർ പി.കെ. നാരായണൻ

**മാസിക: ലക്ഷ്യങ്ങൾ**

ആദ്യലക്കത്തിലെ മുഖപ്രസംഗത്തിൽ ('വിചാരവീചി') മാസികയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇങ്ങനെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

i) ശാസ്ത്രീയ റബ്ബർകൃഷിയുടെ വിവരങ്ങൾ കർഷകരിലേക്ക് എത്തിക്കുക

ii) കൃഷിയിൽ വിജയം വരിച്ച മാതൃകാകർഷകരുടെ അനുകരണീയമായ രീതികൾ മറ്റു കർഷകരെ അറിയിക്കുക.

iii) റബ്ബർകൃഷിക്ക് ലഭ്യമായ ധനപരവും മറ്റുമായ സഹായങ്ങളെപ്പറ്റി കർഷകർക്ക് അറിവു നൽകി ശാസ്ത്രീയ കൃഷിയുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ അവരെ പ്രാപ്തരാക്കുക.

ഇന്നു പിന്നോട്ടു നോക്കുമ്പോൾ ഇതേ ലക്ഷ്യങ്ങൾ തന്നെ മുൻനിർത്തിക്കൊണ്ടാണ് മാസിക ഇപ്പോഴും പ്രവർത്തിക്കുന്നത് എന്നു കാണാം. എന്നാൽ പ്രയാണവഴിയിൽ പുതിയ ചില ഉത്തരവാദിത്വങ്ങൾകൂടി മാസിക ഏറ്റെടുത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെടാതിരിക്കില്ല. നമ്മുടെ രാജ്യത്തും ലോകത്തു പൊതുവെയും ഉണ്ടായ മാറ്റങ്ങളോ നയപരിഷ്കരണങ്ങളോ ആണ് ഇവയ്ക്ക് കാരണമായിട്ടുള്ളത്.

തൊണ്ണൂറുകളുടെ തുടക്കത്തിൽ ഉണ്ടായ ആഗോളീകരണം ആണ് ഈ മാറ്റങ്ങളിൽ ഏറ്റവും നിർണായകമായത്. അതുവരെ ആഭ്യന്തരവിപണിയുടെ സുരക്ഷ അനുഭവിച്ചിരുന്ന പല ഉത്പന്നങ്ങളും അതോടെ തുറന്ന ഒരു ആഗോളവിപണിയിലേക്കാണ് വന്നത്. പുതിയ അവസരങ്ങളും അതോടൊപ്പം പുതിയ വെല്ലുവിളികളും അവയ്ക്കു നേരിടേണ്ടി വന്നു. ലോകവിപണിയുടെ ഡിമാന്റുകളനുസരിച്ചുള്ള ഗുണമേന്മയും വിലയും നിലനിർത്തണമെന്നു വന്നതോടെ 'മത്സരക്ഷമത' എന്ന ആശയം മുൻകൈ നേടി. പിന്നീടിന്നോളം ബോർഡിനെ നയിക്കുന്ന പ്രധാന സങ്കൽപമായി അതു നിലനിൽക്കുന്നു. ഉത്പാദനച്ചെലവ് പരമാവധി കുറച്ചും ഗുണമേന്മ വർദ്ധിപ്പിച്ചും ഇന്ത്യൻറബ്ബറിനെ ആഗോളമാർക്കറ്റിൽ മത്സരക്ഷമമാക്കുന്നതിനുള്ള റബ്ബർബോർഡിന്റെ ഗൗരവതരമായ ശ്രമങ്ങൾ ആ ഘട്ടം മുതൽ മാസികയിൽ ഏറെ പ്രാധാന്യം നേടുന്നതായി കാണാം. രാജ്യത്തെ മൊത്തം റബ്ബറുത്പാദനം വർദ്ധിപ്പിക്കുക എന്ന ആഹ്വാനം, കാലാനുസൃതമായ പുതുക്കലുകളോടെ, പ്രതി ഹെക്ടർ വിളവ് (ഉത്പാദനക്ഷമത) വർദ്ധിപ്പിക്കുക എന്ന ആശയമായി വളർന്നു.

ആദ്യലക്കങ്ങളിൽ വരുന്ന ചില സ്ഥിതിവിവരക്കണക്കുകളും കൗതുകകരമാണ്. പുതിയ പ്രസിദ്ധീകരണത്തിന് ആശംസയർപ്പിച്ചുകൊണ്ട് ഒന്നാം ലക്കത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന കേന്ദ്രവാണിജ്യവകുപ്പുമന്ത്രി മനുഭായ് ഷായുടെ സന്ദേശത്തിൽ പറയുന്നത് ഇന്ത്യയിലെ അന്നത്തെ മൊത്ത റബ്ബറുത്പാദനം 46,000 ടണ്ണും ഉപഭോഗം 86,000 ടണ്ണും ആണ് എന്നാണ്. ഇന്നത്തെ അവസ്ഥയുമായി അത് ഒന്നു തട്ടിച്ചു നോക്കിയപ്പോൾ അവ യഥാക്രമം 8.75 ലക്ഷം ടണ്ണും 14.1 ലക്ഷം ടണ്ണുമാണ്. അന്നുമിന്നും ആവശ്യത്തെക്കാൾ എത്രയോ കുറവാണ് നമ്മുടെ റബ്ബറുത്പാദനം.



കേന്ദ്രവാണിജ്യകാര്യമന്ത്രി
ന്യൂഡൽഹി
ജൂലൈ 17, 1965.

മനുഭായ് ഷാ

ആശംസ

കേരളത്തിലെ റബ്ബർ കൃഷിക്കാരുടെ പ്രയോജനത്തെ ലക്ഷ്യമാക്കി "റബ്ബർ" എന്ന പേരിൽ ഒരു മലയാള മാസിക റബ്ബർ ബോർഡിൽനിന്നു പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്.

പഞ്ചവത്സരപദ്ധതികളുടെ പശ്ചാത്തലത്തിൽ റബ്ബർ വ്യവസായത്തിന് നമ്മുടെ നാട്ടിൽ തന്ത്രപ്രാധാന്യമുള്ള ഒരു പദവി കരസ്ഥമായിട്ടുണ്ട്. ഇരുപതാം ശതകത്തിന്റെ പ്രാരംഭത്തിൽ ചെറിയ തോതിലാരംഭിച്ച് ചുരുങ്ങിയ നാലു ദശകങ്ങൾക്കകം അത് അഭൂതപൂർവ്വമായ വളർച്ച നേടിയിരിക്കുന്നു. വലിയ ടയറുകൾ മുതൽ ബലൂണുകൾ വരെയുള്ള വിവിധ വസ്തുക്കൾ നിർമ്മിക്കുന്ന ഈ വ്യവസായം 86,000 ടണ്ണിലധികം റബ്ബർ ഉപയോഗിക്കുന്നുണ്ട്, ഒരു ലക്ഷത്തിൽപരം ആളുകൾക്കു തൊഴിൽ നൽകിക്കൊണ്ടു 700-ൽ പരം യൂണിററുകളിലായി ഈ വ്യവസായത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ, മോട്ടോർ ടയറുകൾ, ട്യൂബുകൾ എന്നിവപോലുള്ള സങ്കീർണ്ണ വ്യാവസായികോല്പന്നങ്ങൾ മുതൽ ഒരാൾക്കു മാത്രം ഉണ്ടാക്കാവുന്ന റബ്ബർ വസ്തുക്കൾ വരെ വ്യാപിച്ചു കിടക്കുന്നു.

[illegible]

## സഹായ പദ്ധതികൾ

1965 സെപ്റ്റംബർ ലക്കത്തിൽ (രണ്ടാം ലക്കം) മറ്റുചില വിവരങ്ങളുണ്ട്. അന്നത്തെ റബ്ബർതോട്ടങ്ങളുടെ എണ്ണം 71,852 ആയിരുന്നു. അവയിൽ 71,226 ചെറുകിടത്തോട്ടങ്ങൾ തന്നെ. പഴയതോട്ടങ്ങൾ ആവർത്തനക്കൃഷി ചെയ്യുന്നതിന് ഒരു ധനസഹായപദ്ധതി നിലവിലുണ്ടായിരുന്നു. 1957 മുതൽ 1966 വരെ, പത്തുവർഷത്തേക്കാണ് അതു നടപ്പാക്കിയിരുന്നത്. ചെറുകിടത്തോട്ടങ്ങൾക്ക് – അതായത് 20 ഹെക്ടറിൽ താഴെയുള്ളവയ്ക്ക് – എല്ലാം ആവർത്തനക്കൃഷി ധനസഹായത്തിന് അർഹതയുണ്ടായിരുന്നു. പദ്ധതി പത്തു വർഷത്തേക്കായിരുന്നെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ഓരോ വർഷത്തേക്കും പ്രത്യേകം വാങ്ങേണ്ടിയിരുന്നു. 1965 സെപ്റ്റംബറിലെ മാസികയിൽ ഇങ്ങനെയൊരറിയിപ്പു കാണാം:

*1966-ൽ റീപ്ലാന്റിങ് നടത്താനുദ്ദേശിക്കുന്നവർ ആ വിവരം ഉടനെ ബോർഡിൽ അറിയിക്കണം. അടുത്ത വർഷത്തേക്കുള്ള ബോർഡിന്റെ ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി ഗവൺമെന്റ് അംഗീകാരം നേടാനാണിത്.*

1965 നവംബറിലെ ലക്കത്തിൽ റീപ്ലാന്റിങ് സഹായ ധനപദ്ധതിയുടെ കൂടുതൽ വിവരങ്ങൾ കാണാം. 1957 മുതൽ 1959 വരെ മൂന്നുവർഷം ഹെക്ടറിന് 250 മുതൽ 400 വരെ രൂപയായിരുന്നു ധനസഹായം. 1960 മുതൽ ഇത് 1000 രൂപയായി. അതോടൊപ്പം സൗജന്യമായി നടീൽവസ്തുക്കളും രാസവളത്തിനും മണ്ണുസംരക്ഷണ നടപടികൾക്കും ചെലവായ തുകയുടെ പകുതിയും പദ്ധതിപ്രകാരം ലഭിക്കും.

പുതുക്കൃഷിക്ക് ധനസഹായം ലഭ്യമാക്കിത്തുടങ്ങിയത് 1979-ലാണ്. ആകർഷകമായ നിരക്കുകളായിരുന്നു പ്രഖ്യാപിച്ചത്. പരമാവധി 20 ഹെക്ടർ വരെ പുതുക്കൃഷി ചെയ്യുന്നവർക്ക് ഹെക്ടർ പ്രതി 7500 രൂപ (അന്നത്തെ പ്രതീക്ഷിത കൃഷിച്ചെലവിന്റെ പകുതിയായിരുന്നു ഇത്.) അതോടൊപ്പം നടീൽ വസ്തുക്കൾ തികച്ചും സൗജന്യം; മണ്ണു സംരക്ഷണനടപടികൾക്കായി 150 രൂപയും; തീർന്നില്ല ബാക്കി വേണ്ട ചെലവുകൾക്കായി ബാങ്കുലോണും. കൃഷിസഹായപദ്ധതിയുടെ ചരിത്രത്തിലെ ഏറ്റവും ആകർഷകമായ പദ്ധതിയായിരുന്നു 1979-ലെ പുതുക്കൃഷിസഹായധനപദ്ധതി.

അടുത്തവർഷം മുതൽ പുതു-ആവർത്തനക്കൃഷികളെ ഒറ്റ പദ്ധതിയാക്കി ഹെക്ടർ പ്രതി 5000 രൂപ അനുവദിച്ചു തുടങ്ങി. റബ്ബർകൃഷി വികസന പദ്ധതി (Rubber Plantation Development Scheme) എന്നപേരിൽ.

# റബ്ബർ ആവർത്തനകൃഷിപദ്ധതി–<br>വിജ്ഞാപനം

1957-ൽ റബ്ബർ ആവർത്തനകൃഷി പദ്ധതി ആരംഭിച്ചപ്പോൾ അതു 10 1966-ൽ 10
വർഷത്തേക്കു തുടരുമെന്നാണ് അന്നു പരസ്യപ്പെടുത്തിയിരുന്നതു്. ഗവൺമെൻറിൽനിന്നു
വർഷം തികയുകയാണ്. ഈ പരിപാടിക്കു് ഓരോ വർഷവും നാലാംപഞ്ചവത്സരപദ്ധതിയിൽ
പ്രത്യേകമായ അനുമതിയും ലഭിക്കേണ്ടതുണ്ടു്. തുടരുമെന്നുള്ളതിനു് യാതൊ
ധനസഹായത്തോടെയുള്ള ആവർത്തനകൃഷിപദ്ധതി തുടർന്നുവദിക്കുന്നതിനു്,
ഉറപ്പും ലഭിച്ചിട്ടുമില്ല. 1966-ലേക്കുകൂടി ഈ പദ്ധതി ഗവൺമെൻറിൽ നിവേദനം നടത്ത
മുൻപു നല്കിയിരുന്ന പ്രചരണത്തെ മാനിച്ചു്, എന്നാൽ 1966-ൽ ആവർത്തനകൃഷി
ണമെന്നു് റബ്ബർബോർഡു് ഉദ്ദേശിക്കുന്നു. മാത്രമേ ഗവൺമെൻറിനു്
ചെയ്യുന്നതിനു് എത്രപേർ മുമ്പോട്ടു വരുമെന്നറിഞ്ഞെങ്കിൽ ഉൾപ്പെടുത്തണമെന്നു്
സമർപ്പിക്കേണ്ട ബഡ്ജററു് നിർദ്ദേശങ്ങളിൽ എത്ര തുക റബ്ബർ ബോർഡിൻെറ
അറിയുവാൻ കഴിയുകയുള്ളൂ. 1965 ഒക്ടോബറിൽ ഉദ്ദേശിക്കു
ബഡ്ജററുയോഗം കൂടുന്നുണ്ടു്. 1966-ൽ ആവർത്തനകൃഷി ചെയ്യാൻ 5-ാംനു-ക്കകം
ന്നവർ അതുസംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ ഒക്ടോബർ തുകകൾ
ബോർഡിൽ അറിയിക്കണം. എങ്കിൽ മാത്രമേ അതിനുവേണ്ടി വരുന്ന അനു
ഉൾപ്പെടുത്തി ബോർഡു യോഗത്തിൽ സമർപ്പിക്കുവാനുള്ള ബഡ്ജററിനു് കഴിഞ്ഞ
സാനുരൂപം നല്കുവാൻ സാധിക്കുകയുള്ളൂ. ബോർഡു് അംഗീകരിച്ചു
ബഡ്ജററു് വീണ്ടും ഗവൺമെൻറിലേക്കയയ്ക്കേണ്ടതുണ്ടു്.

... പദ്ധതിയുടെ ചട്ടങ്ങ... നിലവി

ഇന്നത്തേതിൽ നിന്നു വ്യത്യസ്തമായി ബോർഡ് നടപ്പാക്കിയിരുന്ന പല കാര്യങ്ങളെപ്പറ്റിയും പഴയ ലക്കങ്ങളിൽ വാർത്തകൾ കാണാം. പ്രദർശനത്തോട്ടങ്ങളെപ്പറ്റിയുള്ള ഒരു റിപ്പോർട്ട് ആദ്യ ലക്കത്തിൽതന്നെയുണ്ട്. തെരഞ്ഞെടുത്ത കർഷകരുടെ സ്ഥലങ്ങളിൽ തന്നെ ബോർഡിന്റെ ചെലവിൽ ശാസ്ത്രീയമായി റബ്ബർകൃഷി നടത്തുകയും ആ പ്രദേശത്തുള്ള മറ്റു കർഷകർക്ക് അതുകണ്ടു മനസ്സിലാക്കാനും പരിശീലനം നേടാനുമുള്ള സൗകര്യം നൽകുകയും ചെയ്യുക എന്നതായിരുന്നു ഈ 'ഡെമോൺസ്ട്രേഷൻ പ്ലോട്ടു'കളുടെ ഉദ്ദേശ്യം.

ഈ ലക്കത്തിലെ മറ്റൊരു വിശേഷം ഇങ്ങനെയാണ്: 'വരുന്ന ഏതാനും വർഷങ്ങൾകൂടിയെങ്കിലും കൃത്രിമ റബ്ബർ പ്രകൃതിദത്തറബ്ബറിനു ഭീഷണിയാകാനിടയില്ല'. പ്രശസ്ത റബ്ബർ ശാസ്ത്രജ്ഞനായ സി.ബി. വെബ്സ്റ്റർ മലയൻ റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു റിട്ടയർ ചെയ്യുന്ന സമയത്ത് നടത്തിയ പ്രസ്താവനയാണ്. ആ 'ഏതാനും വർഷങ്ങൾ' ഇപ്പോൾ 60 വർഷത്തിലെത്തി നിൽക്കുന്നു എന്നത് കൗതുകകരം തന്നെ!

### നാൽപത്തഞ്ചുകോടി ഇന്ത്യക്കാർ

1965 ഒക്ടോബറിലെ മുഖപ്രസംഗം ഒരു 'റബ്ബറിതര' വിഷയത്തെപ്പറ്റിയാണ്. കാശ്മീർ പ്രശ്നത്തിന്റെ പേരിൽ പാകിസ്താൻ ഇന്ത്യയെ ആക്രമിച്ച കാര്യമാണത്. '45 കോടി ഇന്ത്യക്കാരെ' പ്രതിനിധാനം ചെയ്തുകൊണ്ടാണ് അന്നത്തെ മുഖപ്രസംഗം എഴുതിയിരിക്കുന്നത്. ഇന്ത്യയുടെ അന്നത്തെ ജനസംഖ്യ ശ്രദ്ധിക്കൂ : 45 കോടി!

തപാൽവഴി മാത്രമല്ലാ ഏജന്റുമാർ വഴിയും മാസിക വിതരണം ചെയ്തിരുന്നു. മിക്ക ഏജന്റുമാരും റബ്ബർ സഹകരണസംഘങ്ങളായിരുന്നു. അവരുടെ ഒരു ലിസ്റ്റ് ആദ്യലക്കത്തിൽ തന്നെ കൊടുത്തിട്ടുണ്ട്. ആഗസ്റ്റിൽ 5000 കോപ്പിയുമായി തുടങ്ങിയ മാസിക ഡിസംബർ ആയപ്പോഴേയ്ക്കും 10,500 കോപ്പി അടിക്കുന്ന അവസ്ഥയിലെത്തി.

(തുടരും)

*(ലേഖകൻ റബ്ബർമാസികയുടെ മുൻ എഡിറ്ററും റബ്ബർബോർഡിലെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗം മുൻ ഡെപ്യൂട്ടി ഡയറക്ടറുമാണ്)* •



ഡോ. രാജീവ് എം. തോമസ്
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# സെപ്റ്റംബറിലും ടാപ്പിങ് തുടങ്ങാം

വിളവെടുപ്പ് തുടങ്ങാൻ പാകത്തിന് വണ്ണമെത്തിയ റബ്ബർമരങ്ങൾ മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങാനുള്ള സമയം ഏപ്രിൽ/മെയ് മാസങ്ങളാണ്. എന്നാൽ അപ്പോൾ ടാപ്പിങ് തുടങ്ങാൻ കഴിയാതിരുന്ന തോട്ടങ്ങളിൽ ടാപ്പിങ് തുടങ്ങാൻ പറ്റിയ സമയമാണ് സെപ്റ്റംബർ മാസം. കാലവർഷത്തിന്റെ തീവ്രത കുറഞ്ഞ് തെളിവുള്ള ദിവസങ്ങൾ ലഭിച്ചുതുടങ്ങുന്ന സമയമാണിത്.

ടാപ്പിങ് തുടങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത് റബ്ബർബോർഡ് നിഷ്കർഷിക്കുന്നവിധം, ഒട്ടുബന്ധത്തിൽ നിന്നും 125 സെ.മീ. ഉയരത്തിൽ 50 സെ.മീ. വണ്ണമെത്തിയ മരങ്ങൾ മാത്രമേ ടാപ്പിങ്ങിന് തെരഞ്ഞെടുക്കാവൂ എന്നതാണ്. തോട്ടത്തിലെ 70 ശതമാനം മരങ്ങൾ നിശ്ചിത വണ്ണമെത്തുമ്പോൾ ടാപ്പിങ് തുടങ്ങാവുന്നതാണ്. സ്വന്തമായി ടാപ്പുചെയ്യുന്ന തോട്ടങ്ങളാണെങ്കിൽ ശരിയായ വണ്ണമെത്തിയ മരങ്ങളുടെ ശതമാനം കുറച്ച് കുറവാണെങ്കിലും ടാപ്പിങ് തുടങ്ങാം. എന്നാൽ, ഒരു കാരണവശാലും നിശ്ചിത വണ്ണമെത്താത്ത മരങ്ങൾ ടാപ്പിങ്ങിനായി തെരഞ്ഞെടുക്കരുത്. വണ്ണമെത്താത്ത മരങ്ങൾക്ക് ഉത്പാദനം കുറവായിരിക്കുമെന്നു മാത്രമല്ല പട്ടക്കനം കുറവായതിനാൽ ടാപ്പുചെയ്യുമ്പോൾ തണ്ണിപ്പട്ടയ്ക്ക് മുറിവേൽക്കാനും കായം വീഴാനും സാധ്യതയുണ്ട്.

ടാപ്പിങ് തുടങ്ങുന്നതിനു മുൻപ് മരങ്ങൾ ടെംപ്ലേറ്റ് ഉപയോഗിച്ച് മാർക്ക് ചെയ്താൽ മാത്രമേ വെട്ടുചാലിന്റെ ചെരിവ് കൃത്യമായി നിലനിർത്താൻ സാധിക്കുകയുള്ളൂ. ബഡ്ഡുമരങ്ങളിൽ 30 ഡിഗ്രി ചെരിവാണ് വെട്ടുചാലിന്






*ടാപ്പിങ് തുടങ്ങുന്നതിനായി റബ്ബർമരങ്ങൾ മാർക്കുചെയ്യുന്നതിന്റെ ദൃശ്യങ്ങൾ*

വേണ്ടത്. വെട്ടുചാലിന്റെ ചെരിവ് കുറഞ്ഞുപോയാൽ റബ്ബർപാൽ വെട്ടുചാലിൽ നിന്ന് കവിഞ്ഞൊഴുകി നഷ്ടപ്പെട്ടുപോകാൻ സാധ്യത ഉണ്ട്. ചെരിവ് കൂടിപ്പോയാൽ മുൻകാന വളരെ നേരത്തെതന്നെ തറനിരപ്പിൽ എത്താനും തന്മൂലം മരങ്ങളുടെ ചുവടുഭാഗത്ത് ത്രികോണാകൃതിയിൽ കുറെ പട്ട ടാപ്പുചെയ്യാൻ കഴിയാതെ പാഴാകാനും ഇടയുണ്ട്. പട്ടയ്ക്കുള്ളിൽ പാൽകുഴലുകൾ ഇടതു താഴെ നിന്നും വലതു മുകളിലേക്ക് ഏകദേശം മൂന്നു മുതൽ അഞ്ചു വരെ ഡിഗ്രി ചെരിഞ്ഞാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് വെട്ടുചാലിന്റെ ചെരിവ് എപ്പോഴും ഇടതു മുകളിൽ നിന്നും വലതു താഴെക്കായിട്ട് നിലനിർത്തിയാൽ മാത്രമേ കൂടുതൽ പാൽകുഴലുകൾ മുറിഞ്ഞ് ശരിയായ ഉത്പാദനം ലഭിക്കുകയുള്ളൂ.

ടാപ്പിങ് ആരംഭിക്കുന്നതിന് മുൻപ് ആദ്യമായി മരങ്ങൾ മാർക്ക് ചെയ്യണം. ആവശ്യത്തിന് വണ്ണമെത്തിയ മരങ്ങളിൽ ടാപ്പിങ് തുടങ്ങേണ്ട ഉയരമാണ് ആദ്യമായി അടയാളപ്പെടുത്തേണ്ടത്. അതിനായി ആദ്യം ഒരു റീപ്പർ ഉപയോഗിച്ച് ഒട്ടുബന്ധത്തിൽ നിന്ന് 125 സെ.മീ. ഉയരം മരത്തിൽ അടയാളപ്പെടുത്തണം. ഈ അടയാളത്തിൽ റീപ്പർ വെച്ച് താഴേക്ക് ഒട്ടുബന്ധം വരെ ലംബമായി വരക്കത്തി ഉപയോഗിച്ച് ഒരു വര വരയ്ക്കണം. ഈ വരയാണ് മുൻകാനയ്ക്ക് ആധാരം. ഇനി മരത്തിനെ നെടുനീളത്തിൽ രണ്ട് തുല്യഭാഗങ്ങളാക്കി തിരിക്കണം. ഇതിനായി നേരത്തെ 125 സെ. മീ. ഉയരം അടയാളപ്പെടുത്തിയ ഭാഗത്തെ മരത്തിന്റെ വണ്ണം അളന്ന് പകുതി വണ്ണം കണക്കാക്കി മറുവശത്ത് മുൻകാനവരയ്ക്ക് എതിർവശത്തായി ഒരടയാളമിടണം. ഇതുപോലെ മരത്തിന്റെ ഒട്ടുബന്ധത്തിന് മുകളിലും മരത്തിന്റെ വണ്ണമളന്ന് മറുവശത്ത് പകുതി വണ്ണം അടയാളപ്പെടുത്തുക. ഈ അടയാളങ്ങളെ റീപ്പർ ഉപയോഗിച്ച് ബന്ധിപ്പിച്ചുകൊണ്ട് ലംബമായി ഒരു വര വരയ്ക്കണം. ഈ വര ടാപ്പിങ് തുടങ്ങേണ്ട ഉയരത്തിൽ നിന്ന് ഏകദേശം 30 സെ.മീ. അധികം മുകളിലേക്ക് നീട്ടി വരയ്ക്കണം. ഈ വരയാണ് പിൻകാനയ്ക്ക് ആധാരം.

വെട്ടുചാൽ അടയാളപ്പെടുത്തുന്നതിനായി 30 ഡിഗ്രി ചെരിവുള്ള ടെംപ്ലേറ്റാണ് ഉപയോഗിക്കേണ്ടത്. 125 സെ.മീ. ഉയരത്തിൽ ടെംപ്ലേറ്റിന്റെ ചെരിഞ്ഞ കുറിയവശം മുൻകാനയോട് ചേർത്ത് വച്ചതിനുശേഷം ഇടത് മുകളിലേക്ക് മരത്തിൽ ചേർത്ത് പിടിച്ച് പിൻകാന വരെ എത്തിക്കണം. നല്ലതുപോലെ ഉറപ്പിച്ച് പിടിച്ചുകൊണ്ട് ടെംപ്ലേറ്റിന്റെ അരികുകളിൽ കൂടിയും ഇടയ്ക്കുള്ള പൊഴികളിൽ കൂടിയും വരക്കത്തി ഉപയോഗിച്ച് വരയ്ക്കണം.

നമ്മൾ മരത്തിന് അഭിമുഖമായി നിൽക്കുമ്പോൾ ഇടതുവശം ഉയർന്നും വലതുവശം താഴ്ന്നും ആയിരിക്കും ഈ വരകൾ. ഏറ്റവും മുകളിലത്തെ വരയിലൂടെയാണ് വെട്ടുചാൽ തുറക്കേണ്ടത്. ബാക്കി വരകൾ ടാപ്പിങ്ങിന്റെ ചെരിവ് ശരിയായി നിലനിർത്തുന്നതിനുള്ള മാർഗരേഖകളാണ്. ഓരോ വർഷവും ടാപ്പിങ് തുടങ്ങുന്നതിനുമുമ്പ് ടെംപ്ലേറ്റ് ഉപയോഗിച്ച് മാർഗരേഖകൾ വീണ്ടും അടയാളപ്പെടുത്തണം.

ടാപ്പിങ് തുടങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് ടാപ്പിങ്ങിന്റെ ഇടവേള. ഇപ്പോൾ പ്രചാരത്തിലുള്ള ഇനങ്ങളൊന്നും ഒന്നിടവിട്ട ദിവസത്തെ ടാപ്പിങ്ങിന് യോജിച്ചതല്ല. ഒരു ടാപ്പിങ്ങിൽ മരത്തിൽനിന്ന് കിട്ടുന്ന റബ്ബർപാൽ വെട്ടുചാലിന്റെ 70 സെ.മീ. വരെ താഴെയും 40 സെ.മീ. വരെ മുകളിലും മുൻകാനയിൽ നിന്നും പിൻകാനയിൽ നിന്നും 5 സെ.മീ. വീതം ഇരുവശ



*മാർക്കുചെയ്ത മരത്തിൽ ടാപ്പിങ്കത്തി ഉപയോഗിച്ച് വെട്ടുചാൽ തെളിക്കുന്നു*

ങ്ങളിലും ഉള്ള ഭാഗങ്ങളിലെ പട്ടയിൽ നിന്ന് (ഡ്രെയ്നേജ് ഏരിയ) ഒഴുകി വരുന്നതാണ്. നഷ്ടപ്പെട്ട അത്രയും റബ്ബർപാൽ ഈ ഭാഗത്ത് തന്നെ ഉത്പാദിപ്പിക്കപ്പെടേണ്ടതുണ്ട്. ഇതിന് 48 മണിക്കൂറിൽ കൂടുതൽ സമയം വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിനാലാണ് മൂന്നു ദിവസത്തിലൊരിക്കലേ ടാപ്പുചെയ്യാവൂ എന്ന് നിഷ്കർഷിക്കുന്നത്. നാലുദിവസത്തിൽ ഒരിക്കൽ, ആഴ്ചയിലൊരിക്കൽ എന്നീ ഇടവേളകളിലുള്ള ടാപ്പിങ് രീതികളും ഇപ്പോൾ കൂടുതൽ കർഷകർ സ്വീകരിച്ചു വരുന്നുണ്ട്. ഇടവേള കൂടിയ ടാപ്പിങ് രീതി ചെലവു കുറയ്ക്കുന്നതിനും മരങ്ങളുടെ ഉത്പാദനകാലം (എക്കണോമിക് ലൈഫ് സ്പാൻ) ദീർഘിപ്പിക്കുന്നതിനും അതുവഴി കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും സഹായിക്കും. നല്ല ടാപ്പർമാരുടെ സേവനം കൂടുതൽ തോട്ടങ്ങളിൽ ലഭ്യമാകുന്നതിനും ഇടവേള കൂടിയ ടാപ്പിങ് രീതി ഉപകരിക്കും.





എല്ലാ ടാപ്പിങ്ങിലും റബ്ബർപാലിൽ ഉണക്കറബ്ബറിന്റെ അംശം സാമാന്യം ഒരേ തോതിൽ ആണെങ്കിൽ ടാപ്പു ചെയ്തെടുത്തതിനു തുല്യമായ അളവിൽ റബ്ബർപാൽ മരത്തിൽ ഉത്പാദിപ്പിക്കപ്പെട്ടുവെന്ന് കരുതാം. എന്നാൽ ഓരോ ടാപ്പിങ്ങിന് ശേഷവും റബ്ബർപാലിന്റെ കൊഴുപ്പിൽ ക്രമമായ കുറവ് കണ്ടാൽ മരത്തിന്റെ ഉത്പാദനശേഷിയിലധികം റബ്ബർപാൽ നമ്മൾ ടാപ്പുചെയ്തെടുക്കുന്നു എന്നർത്ഥം. ഈ അവസ്ഥ പൂർണമായും ഒഴിവാക്കണം. അല്ലെങ്കിൽ അത് പട്ടമരപ്പിന് കാരണമായേക്കാം.

ഉടമസ്ഥർ സ്ഥലത്തില്ലാത്തത്, റബ്ബറിന്റെ വിലക്കുറവ്, വിദഗ്ദ്ധരായ ടാപ്പർമാരുടെ ദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ വിളവെടുപ്പിന് പാകമായ തോട്ടങ്ങൾ ടാപ്പുചെയ്യാതെ ഇടുന്ന പ്രവണത കഴിഞ്ഞ കുറെ വർഷങ്ങളായി പ്രകടമാണ്. വിളവെടുപ്പ് നീട്ടിവെയ്ക്കാൻ പറ്റുന്ന ചുരുക്കം വിളകളിലൊന്നാണ് റബ്ബർ എന്നതും ഒരു പ്രധാന കാരണമാണ്. ആഭ്യന്തര ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം മൂലം പ്രതിവർഷം അഞ്ചുലക്ഷം ടണ്ണിനടുത്ത് പ്രകൃതിദത്തറബ്ബർ ഇറക്കുമതി ചെയ്യേണ്ടിവരുന്നു. അതിനുവേണ്ടി 6000 കോടി രൂപയിലധികം വിദേശനാണ്യം ചിലവിടുന്ന നമ്മുടെ രാജ്യത്ത് ടാപ്പിങ്ങിന് പാകമായ മരങ്ങൾ ടാപ്പുചെയ്യാതെ ഇടുന്നത് ഒരു ദേശീയനഷ്ടമാണ്. ഇത് ഒഴിവാക്കാൻ പരമാവധി ശ്രമിക്കേണ്ടതുണ്ട്. അതത് പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന റബറുത്പാദകസംഘങ്ങൾക്ക് ഇതിൽ വലിയ പങ്ക് വഹിക്കാൻ കഴിയും. റബ്ബർബോർഡു കമ്പനികൾ നടപ്പാക്കുന്ന തോട്ടം ദത്തെടുക്കൽ പദ്ധതി ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. •

# ഡി.ആർ.സി. പരിശോധനാശാല ഉദ്ഘാടനം ചെയ്തു



റബ്ബർബോർഡിന്റെയും റബ്ബറുത്പാദക സംഘങ്ങളുടെയും സംയുക്തസംരംഭമായ പമ്പാ റബ്ബേഴ്സ് ലിമിറ്റഡ് കോന്നിയിൽ റബ്ബർപാലിലെ ഉണക്കറബ്ബർ (ഡി.ആർ.സി) മിതമായ നിരക്കിൽ നിർണയിക്കുന്നതിനുള്ള പരിശോധനാശാല ആരംഭിച്ചു. റബ്ബർബോർഡിലെ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഷൈലജ കെ. പരിശോധനാശാല ഉദ്ഘാടനം ചെയ്തു. ഇതോടനുബന്ധിച്ചു നടന്ന ചടങ്ങിൽ കമ്പനിയുടെ സ്ഥാപകഡയറക്ടറായ അഡ്വ. സുരേഷ് കോശി അധ്യക്ഷത വഹിച്ചു. അടുത്ത പ്രദേശങ്ങളിലെ കർഷകർ പങ്കെടുത്ത യോഗത്തിൽ പമ്പാ റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ എ.ആർ. ദിവാകരൻ സ്വാഗതവും കമ്പനി ഡയറക്ടർ പി.എസ്. ജോൺ നന്ദിയും പറഞ്ഞു. തെങ്ങുകാവ് റബ്ബറുത്പാദകസംഘം പ്രസിഡന്റ് ബാബു വർഗീസ്, റബ്ബർബോർഡിന്റെ പത്തനംതിട്ട റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ദീപ്തി സി.വി. എന്നിവർ സംസാരിച്ചു. സമീപ പ്രദേശങ്ങളിലുള്ള റബ്ബറുത്പാദകസംഘം ഭാരവാഹികളും കർഷകരും പരിപാടിയിൽ പങ്കെടുത്തു. പമ്പാ റബ്ബേഴ്സിന്റെ ഓഫീസും പരിശോധനാശാലയും പ്രവർത്തിക്കുന്നത് കോന്നി ആനക്കൂട് റോഡിൽ എം.എൽ.എ. ഓഫീസ് സ്ഥിതിചെയ്യുന്ന പി.സി. കോംപ്ലക്സ് കെട്ടിടത്തിലാണ്.

പരിശോധനാശാലയുമായി ബന്ധപ്പെടേണ്ട ഫോൺനമ്പർ – 8330083840 •

# മൂലമറ്റം ഈസ്റ്റ് സംഘം റബ്ബർപാൽ സംഭരണം ആരംഭിച്ചു



റബ്ബർബോർഡ് തൊടുപുഴ റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള മൂലമറ്റം ഈസ്റ്റ് റബ്ബറുത്പാദകസംഘം കവണാർ ലാറ്റക്സ് ലിമിറ്റഡുമായി ചേർന്ന് റബ്ബർപാൽ സംഭരണം ആരംഭിച്ചു. റബ്ബർകർഷകനായ സാബുവിന്റെ വസതിയിൽ വെച്ച് നടന്ന യോഗത്തിൽ തൊടുപുഴ റബ്ബർബോർഡ് ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ മേരിക്കുട്ടി ബേബി റബ്ബർപാൽ സംഭരണം ഉദ്ഘാടനം ചെയ്തു. റബ്ബറുത്പാദകസംഘം പ്രസിഡന്റ് വിക്ടർ തോമസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കവണാർ ലാറ്റക്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ രഞ്ജിത് ഡി., അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഷൈലമ്മ ജോസഫ്, ഫീൽഡ് ഓഫീസർ സുരോജിത് മാജി, കവണാർ ലാറ്റക്സ് മാർക്കറ്റിങ് അസിസ്റ്റന്റ് പി.റ്റി. സോജൻ, കർഷക റബ്ബറുത്പാദകസംഘം പ്രസിഡന്റ് വി.ഡി. സെബാസ്റ്റ്യൻ, എലപ്പള്ളി റബ്ബറുത്പാദകസംഘം വൈസ് പ്രസിഡന്റ് കെ.വി.ജോഷി, മണപ്പാടി മൂന്നുക വയൽ ഭരണസമിതി അംഗം ജോസ് എടക്കര തുടങ്ങിയവർ പങ്കെടുത്തു. •

# വജ്രജൂബിലിയാഘോഷമത്സരങ്ങൾ-തീയതി നീട്ടി




റബ്ബർമാസികയുടെ പ്രസാധനത്തിന്റെ 60 വർഷങ്ങൾ പൂർത്തിയാകുന്ന വേളയിൽ ഹൈസ്കൂൾ/ഹയർ സെക്കൻഡറി, കോളജ് വിദ്യാർഥികൾ; പൊതുജനങ്ങൾ, റബ്ബർബോർഡുദ്യോഗസ്ഥർ എന്നിവർക്കായി നടത്തുന്ന വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ രചനകളും ഫോട്ടോകളും ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 20 വരെ നീട്ടി. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### I. ഉപന്യാസ മത്സരം

താഴെ കൊടുത്തിരിക്കുന്ന നാല് വിഭാഗങ്ങളിൽപെട്ടവർക്ക് ഉപന്യാസമത്സരത്തിൽ പങ്കെടുക്കാം. ഓരോ വിഭാഗത്തിലും ഏറ്റവും മികച്ച മൂന്നു രചനകൾക്ക് വീതം പുരസ്കാരങ്ങൾ നൽകും.

| നമ്പർ | വിഭാഗം | വിഷയം |
|---|---|---|
| 1 | ഹൈസ്കൂൾ /ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ | റബ്ബർ നിത്യജീവിതത്തിൽ |
| 2 | കോളജ് വിദ്യാർത്ഥികൾ | ഇന്ത്യൻ വ്യവസായമേഖലയിൽ റബ്ബറിന്റെ സ്വാധീനം |
| 3 | പൊതുജനങ്ങൾ | കേരളത്തിൽ റബർകൃഷിയുടെ വ്യാപനം കൊണ്ട് ഉണ്ടായ മാറ്റങ്ങൾ |
| 4 | റബ്ബർബോർഡ് ഉദ്യോഗസ്ഥർ (വിരമിച്ചവർ ഉൾപ്പെടെ) | റബ്ബർകൃഷി വ്യാപനം - ഒരു ഓർമക്കുറിപ്പ് |

**നിബന്ധനകൾ**

1. രചനകൾ 800 വാക്കുകളിൽ കവിയരുത്
2. മലയാളത്തിൽ വ്യക്തമായിഎഴുതിയോ ടൈപ്പ് ചെയ്തോ (pdf ഫോർമാറ്റിൽ) രചനകൾ അയയ്ക്കാവുന്നതാണ്
3. രചനകൾ തപാൽ മുഖേനയോ ഇ-മെയിൽ ആയോ അയയ്ക്കാം.
4. വിദ്യാർത്ഥികളുടെ രചനകൾ സ്കൂളിലേയൊ കോളജിലേയൊ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.
5. ഏതു വിഭാഗത്തിലാണ് മത്സരിക്കുന്നത് എന്ന് രചനകളുടെ മുകളിൽ വ്യക്തമായി എഴുതിയിരിക്കണം.

### II. ഫോട്ടോഗ്രഫി മത്സരം

**വിഷയം : റബ്ബർകൃഷി /റബ്ബർ ടാപ്പിങ് / റബ്ബർപാൽ സംസ്കരണം/റബ്ബറിലെ ഇടവിളക്കൃഷി / റബ്ബറുത്പന്നനിർമാണം/ റബ്ബർവിപണനം**

മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും വിഷയങ്ങളെ അധികരിച്ച് ആർക്കുവേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം. ഏറ്റവും മികച്ച മൂന്ന് ചിത്രങ്ങൾക്ക് സമ്മാനങ്ങൾ നൽകും.

**നിബന്ധനകൾ**

1. ചിത്രങ്ങളുടെ വലുപ്പം 4 MB മുതൽ 7 MB വരെ ആയിരിക്കണം.
2. ചിത്രങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഇ-മെയിൽ ആയി അയച്ചാൽ മതി. പ്രിന്റ് ചെയ്ത കോപ്പികൾ സ്വീകാര്യമല്ല.
3. ചിത്രങ്ങൾ സ്വയം എടുത്തതാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം. (Certified that the pictures sent to the Rubber Board for the competition are captured by me and I have not copied any of the pictures from anywhere.)
4. Landscape രൂപത്തിലോ portrait രൂപത്തിലോ ഉള്ള ചിത്രങ്ങൾ അയയ്ക്കാവുന്നതാണ്.
5. ഒരാൾക്ക് മൂന്ന് ചിത്രങ്ങൾ അയക്കാം.
6. ഓരോ ചിത്രത്തിനും ഉചിതമായ ഒരു അടിക്കുറിപ്പ് നൽകിയിരിക്കണം.
7. മൊബൈൽ ഉപയോഗിച്ചോ DSLR ക്യാമറ ഉപയോഗിച്ചോ എടുത്ത ചിത്രങ്ങൾ JPG ഫോർമാറ്റിൽ വേണം മത്സരത്തിനായി അയയ്ക്കാൻ
8. എഡിറ്റ് ചെയ്ത ഫോട്ടോകൾ മത്സരത്തിന് അനുവദിക്കുന്നതല്ല.

## III. കാർട്ടൂൺ രചനാമത്സരം (മലയാളം)

**വിഷയം: റബ്ബർ നിത്യജീവിതത്തിൽ**

മുകളിൽ കൊടുത്തിരിക്കുന്ന വിഷയത്തെ അധികരിച്ച് ആർക്കുവേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം. ഏറ്റവും മികച്ച മൂന്ന് കാർട്ടൂണുകൾക്ക് സമ്മാനങ്ങൾ നൽകും.

**നിബന്ധനകൾ**

1. കാർട്ടൂണുകൾ A4 സൈസ് പേപ്പറിൽ വരച്ചോ കമ്പ്യൂട്ടർ സഹായത്തോടെ രൂപകൽപന ചെയ്തോ അയയ്ക്കാം.
3. കാർട്ടൂണുകൾ തപാൽ മുഖേനയോ സ്കാൻ ചെയ്ത് ഇ-മെയിൽ ആയോ അയയ്ക്കാം.

## IV. ലോഗോ രൂപകൽപന

**വിഷയം: റബ്ബർ മാസികയ്ക്ക് 60 വയസ്സ്**

മുകളിൽ കൊടുത്തിരിക്കുന്ന വിഷയത്തെ അധികരിച്ച് ആർക്കുവേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം. ഏറ്റവും മികച്ച ഒരു ലോഗോയ്ക്ക് മാത്രമേ സമ്മാനം നൽകുകയുള്ളൂ. ലോഗോ A4 സൈസ് പേപ്പറിൽ വരച്ചോ കമ്പ്യൂട്ടർ ഉപയോഗിച്ച് രൂപകൽപന ചെയ്തോ അയയ്ക്കാം.

**പൊതു വിവരങ്ങൾ**

1. രചനകൾ, ഫോട്ടോകൾ, കാർട്ടൂണുകൾ, ലോഗോ എന്നിവ **2025 സെപ്റ്റംബർ 20-നകം** താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.
2. അയയ്ക്കുന്ന ആളെ തിരിച്ചറിയാവുന്ന ഒരു വിവരവും സൃഷ്ടികളിൽ ഉണ്ടായിരിക്കരുത്. അയയ്ക്കുന്ന ആളുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ വ്യക്തമായി മറ്റൊരു കടലാസിൽ എഴുതി സൃഷ്ടികളുടെ കൂടെ പിൻ ചെയ്ത് വെയ്ക്കുകയോ ഇ-മെയിലിൽ ഉൾപെടുത്തുകയോ ചെയ്യണം.
3. ലഭിക്കുന്ന രചനകൾ, ഫോട്ടോകൾ, കാർട്ടൂണുകൾ, ലോഗോ എന്നിവ റബ്ബർബോർഡിന്റെ പ്രസിദ്ധീകരണങ്ങളിലും സോഷ്യൽ മീഡിയയിലും ഉപയോഗിക്കുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കും.
4. അച്ചടി മാധ്യമങ്ങളിലോ ഡിജിറ്റൽ മീഡിയയിലോ ഇതുവരെ പ്രസിദ്ധീകരിക്കാത്ത സൃഷ്ടികൾ വേണം മത്സരത്തിന് അയയ്ക്കാൻ.
5. ഫലപ്രഖ്യാപനം സംബന്ധിച്ച് റബ്ബർബോർഡ് നിയോഗിക്കുന്ന മൂല്യനിർണയ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
6. മത്സരങ്ങളുടെ ഫലങ്ങൾ പ്രഖ്യാപിക്കുന്ന മുറയ്ക്ക് സമ്മാനാർഹരായവരെ നേരിട്ട് അറിയിക്കുന്നതും റബ്ബർമാസികയിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. പുരസ്കാരങ്ങൾ പിന്നീട് റബ്ബർബോർഡ് സംഘടിപ്പിക്കുന്ന ഒരു ചടങ്ങിൽ വച്ച് വിതരണം ചെയ്യുന്നതും ആയിരിക്കും.

**സമ്മാനത്തുക (എല്ലാ മത്സരങ്ങൾക്കും)**

ഒന്നാം സമ്മാനം – 3000 രൂപ
രണ്ടാം സമ്മാനം – 2000 രൂപ
മൂന്നാം സമ്മാനം – 1000 രൂപ

**സൃഷ്ടികൾ തപാലിൽ അയയ്ക്കേണ്ട വിലാസം:**

**ഡെപ്യൂട്ടി ഡയറക്ടർ (പി ആന്റ് പി ആർ), പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് ഡിവിഷൻ, റബ്ബർബോർഡ്, കീഴുക്കുന്ന്, സബ് ജയിൽ റോഡ്, കോട്ടയം – 2**

**ഇ-മെയിൽ വിലാസം – rubbermasika@gmail.com**

കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഫോൺ നമ്പർ – 0481 2576622




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബറിലെ രോഗങ്ങൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എഡ്വിൻ പ്രേം ഇ., 'റബ്ബർ തോട്ടങ്ങളിലെ ഇടവിളക്കൃഷി' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ്, 'റബ്ബർബോർഡിന്റെ വിവിധ ധനസഹായപദ്ധതികൾ' എന്ന വിഷയത്തിൽ റബ്ബർ ബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ വി. മനോജ് കുമാർ എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

### റബ്ബറിലെ രോഗങ്ങൾ

1. ***ചീക്കുരോഗത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ്?***

സാധാരണമായി മരങ്ങളുടെ കവരഭാഗം, തായ്ത്തടി, ശിഖരങ്ങൾ, തവിട്ടുനിറമുള്ള പട്ട തുടങ്ങിയ ഭാഗങ്ങളിലെല്ലാം രോഗം ബാധിക്കാം. തൊലിപ്പുറമേ വെള്ളയോ പിങ്കോ നിറത്തിൽ ചിലന്തിവലപോലെ പൂപ്പൽ കാണപ്പെടുകയും അവിടെനിന്നും റബ്ബർപാൽ ഒലിച്ചിറങ്ങുകയും ചെയ്യും. ക്രമേണ പട്ട വിണ്ടുകീറുകയും രോഗം ബാധിച്ച ഭാഗത്തിന് തൊട്ടുതാഴെ നിന്ന് ധാരാളം പുതിയ കിളിർപ്പുകൾ ഉണ്ടാകുകയും ചെയ്യും. രോഗം ബാധിച്ച ഭാഗത്തിന് മുകളിലുള്ള തണ്ടും ഇലയും ഉണങ്ങുമെങ്കിലും ഉണങ്ങിയ ഇലകൾ കൊഴിയാതെ തണ്ടിൽതന്നെ നിൽക്കുന്നത് കാണാം.

2. ***ചീക്കുരോഗം നിയന്ത്രിക്കുന്നതിന് എന്താണ് ചെയ്യേണ്ടത്?***

രോഗം വരുന്നതിന് സാധ്യത കൂടുതലുള്ള സ്ഥലങ്ങളിലും രോഗം കൂടുതലായി ബാധിക്കുന്ന റബ്ബറിനങ്ങളിലും മൊത്തമായി പ്രതിരോധനടപടി സ്വീകരിക്കാം. മെയ് മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ രണ്ടുതവണയായി ബോർഡോമിശ്രം (ഒരു ശതമാനം വീര്യത്തിൽ) മരങ്ങളുടെ കവരഭാഗത്തും ശിഖരങ്ങളിലും തളിച്ചുകൊടുക്കുന്നത് രോഗബാധ കുറയ്ക്കും. രണ്ടും മൂന്നും വർഷം പ്രായമായ തൈകളിൽ മഴക്കാലത്തിന് തൊട്ടുമുമ്പ് 10 ശതമാനം വീര്യമുള്ള ബോർഡോക്കുഴമ്പ് പുരട്ടാം. തൈകളുടെ പ്രധാന കവരഭാഗങ്ങളിലും ഒരടി നീളത്തിൽ ചുറ്റും കുഴമ്പ് പുരട്ടണം.



*എഡ്വിൻ പ്രേം ഇ. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

3. ***അകാലികഇലകൊഴിച്ചിൽ രോഗത്തിന്റെ ലക്ഷണങ്ങളും അവയുടെ പ്രതിരോധമാർഗങ്ങളും വിശദീകരിക്കാമോ?***

രോഗം ബാധിച്ച ഇലകൾ പച്ച നിറത്തിലോ പഴുത്ത് ചുവപ്പു നിറമായോ ധാരാളമായി കൊഴിഞ്ഞു തുടങ്ങും. കൊഴിഞ്ഞുവീണ ഇലകൾ പരിശോധിച്ചാൽ ഇലത്തണ്ടിൽ മൊട്ടുസൂചികൊണ്ട് കുത്തിയതുപോലെ പലപ്പോഴും ഒരുതുള്ളി റബ്ബർപാൽ ഉറഞ്ഞിരിക്കുന്നതായി കാണാം. ഇതാണ് അകാലിക ഇലകൊഴിച്ചിൽ രോഗത്തിന്റെ പ്രധാന ലക്ഷണം. അപക്വകാല മരങ്ങളിൽ (നാലുവർഷം വരെ) ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം ഇലകളുടെ മുകൾഭാഗത്തും അടിവശത്തും ഇലത്തണ്ടിലും ഇളം ശാഖകളിലും നന്നായി വീഴത്തക്കവിധം തളിച്ചുകൊടുക്കണം. അഞ്ചുവർഷമോ അതിൽ കൂടുതലോ പ്രായമായ മരങ്ങളിൽ എണ്ണയിൽ കലത്താവുന്ന 56 ശതമാനം വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡ് അഞ്ചിരട്ടി സ്പ്രേ ഓയിലിൽ (1:5 എന്ന അനുപാതത്തിൽ) കലർത്തി ഉണ്ടാക്കുന്ന മിശ്രം മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് തളിച്ചുകൊടുക്കാവുന്നതാണ്.

4. ***കൊളിറ്റോട്രിക്കം സർക്കുലാർ ലീഫ് സ്പോട്ട് (ഇലപ്പൊട്ടുരോഗം) രോഗത്തിന്റെ നിയന്ത്രണമാർഗങ്ങൾ ഒന്ന് വിശദീകരിക്കാമോ?***

വേനൽമഴയ്ക്കുശേഷം മൂത്തഇലകളിലാണ് ഈ രോഗം പ്രത്യക്ഷപ്പെടുന്നത്. അതിനുശേഷം അനുകൂല കാലാവസ്ഥയിൽ (ഇടകലർന്ന മഴയും വെയിലും) രോഗലക്ഷണങ്ങൾ കൂടുതൽ ഇലകളിലേക്ക് വ്യാപിക്കുകയും പിന്നീട് ഇലകൊഴിച്ചിൽ ഉണ്ടാകുകയും ചെയ്യുന്നു. അതുപോലെ മഴക്കാലത്ത് പൊട്ടുകൾ കറുത്ത നിറമാകുകയും ഇലകൾ മഞ്ഞ/തവിട്ട്/പിങ്ക് നിറങ്ങളിൽ ഇലപ്പൊട്ടോടെ നിലനിൽക്കുകയും പിന്നീട് കൊഴിഞ്ഞുപോകുകയും ചെയ്യുന്നു. അകാലികഇലകൊഴിച്ചിലും ഇലപ്പൊട്ടുരോഗവും സംയുക്തമായി തടയാനുള്ള മാർഗങ്ങൾ ഗവേഷണകേന്ദ്രം കണ്ടെത്തിയിട്ടുണ്ട്. രോഗബാധ ഉണ്ടാകുന്നതിന് മുൻപായി കോപ്പർ ഓക്സിക്ലോറൈഡ് സ്പ്രേ ഓയിലിൽ കലർത്തി (8 കിലോഗ്രം കോപ്പർ ഓക്സിക്ലോറൈഡ് 40 ലിറ്റർ സ്പ്രേഓയിലിൽ) മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് തളിച്ചുകൊടുക്കുന്നത് വലിയ മരങ്ങളിൽ രോഗബാധ നിയന്ത്രിക്കാൻ ഫലപ്രദമാണ്. അതുപോലെതന്നെ അപക്വകാലമരങ്ങളിൽ (അഞ്ചുവർഷംവരെ പ്രായമുള്ളവയിൽ) മാങ്കോസെബ് (0.2 ശതമാനം) സ്പ്രേ ചെയ്യുന്നത് രോഗബാധ നിയന്ത്രിക്കാൻ ഫലപ്രദമാണ്. ചെറിയ തൈകൾക്ക് തൈയൊന്നിന് ഏകദേശം രണ്ടര ലിറ്റർ കുമിൾനാശിനി മിശ്രിതം ആവശ്യമായി വരും.

5. ***അകാലിക ഇലകൊഴിച്ചിൽ വന്ന മരങ്ങളിൽ ഇല ഉണ്ടാകാനായി വളം ഇടണോ?***

അകാലികഇലകൊഴിച്ചിൽ റബ്ബറുത്പാദനത്തെയും മരങ്ങളുടെ ആരോഗ്യത്തെയും ബാധിക്കുമെന്നതിനാൽ പുതിയ ഇലകൾ വരുന്നത് വേഗത്തിലാക്കാനായി അകാലിക ഇലകൊഴിച്ചിൽ ഉണ്ടായ തോട്ടങ്ങളിൽ ഹെക്ടറൊന്നിന് 20 കിലോഗ്രാം യൂറിയ മരങ്ങളുടെ ഇടയിൽ വിതറി കൊടുക്കാവുന്നതാണ്. സാധാരണ വളപ്രയോഗശുപാർശകൾക്ക് പുറമെയാണിത്.

## റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷി

1. ***കൈത ഇടവിളയായി കൃഷിചെയ്യുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?***

കൈത ഇടവിളയായി കൃഷിചെയ്യുന്നതിനായി നിലം പൂർണമായും ഉഴുതുമറിക്കേണ്ടതില്ല. നടാനുദ്ദേശിക്കുന്ന സ്ഥലത്തുമാത്രം മണ്ണിളക്കിയാൽ മതി. കൈതയുടെ വേരുപടലം ആഴത്തിൽ വളരുന്നവ അല്ലാത്തതിനാൽ 30 സെന്റീമീറ്ററിൽ കൂടുതൽ താഴ്ചയിൽ കിളക്കേണ്ടതില്ല. റബ്ബർതൈകളിൽനിന്ന് ഒന്നര മീറ്ററിൽ കുറയാത്ത അകലത്തിൽ നിരകളെടുത്താണ് കൈത നടേണ്ടത്. പിന്നീടുള്ള വർഷങ്ങളിൽ പുതിയ കന്നുകൾ പൊട്ടി വളരുമ്പോഴും റബ്ബർതൈകളിൽനിന്ന് ഒന്നര മീറ്ററെങ്കിലും അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

2. ***കാപ്പിയും കൊക്കോയും എങ്ങനെയാണ് റബ്ബർതോട്ടത്തിൽ നടേണ്ടത്?***

നാലു റബ്ബർതൈകൾക്കിടയിൽ ഒരു കാപ്പി അല്ലെങ്കിൽ ഒരു കൊക്കോ എന്ന കണക്കിൽ നടാം. അതായത് രണ്ടു റബ്ബർനിരകൾക്കിടയിൽ ഒരു നിര കാപ്പി അല്ലെങ്കിൽ കൊക്കോ നടാവുന്നതാണ്. 45 സെ.മീ. വീതം നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്താണ് ഇവ നടേണ്ടത്.

# GOLDEN TOUCH®

## FORMIC ACID

®

**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**

**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

®

Since 1991

*Geo Thomas & Co.*

II$^{nd}$ Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com



ഡോ. ഫേബ ജോസഫ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

3. ***ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ കാപ്പിയും കൊക്കോയും നട്ടുപിടിപ്പിക്കാമോ?***

ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ റബ്ബർമരങ്ങൾക്ക് ഏകദേശം പത്തുവർഷമെങ്കിലും പ്രായമായശേഷം കാപ്പി അല്ലെങ്കിൽ കൊക്കോ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്.

4. ***ഏതിനം കാപ്പിയാണ് റബ്ബർതോട്ടങ്ങളിൽ നടാൻ ഏറ്റവും യോജിച്ചത്?***

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം നടത്തിയ പരീക്ഷണങ്ങളിൽ 'റോബസ്റ്റ' എന്ന ഇനമാണ് ഏറ്റവും ആദായം നൽകിയത്. റോബസ്റ്റകാപ്പി കൃഷിചെയ്യുമ്പോൾ 120 സെ.മീ ഉയരത്തിൽ വളർച്ച നിയന്ത്രിക്കണം.

5. ***റബ്ബർതോട്ടങ്ങളിൽ ഇടവിളക്കൃഷിക്ക് യോജിച്ച വിളകൾ ഏതൊക്കെയാണ്?***

വാഴ, കൈതച്ച, ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഔഷധസസ്യങ്ങൾ, കൊക്കോ, കാപ്പി തുടങ്ങിയവയെല്ലാം റബ്ബറിനൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകളാണ്. ഇടവിളകൾ തെരഞ്ഞെടുക്കുമ്പോൾ അവയുടെ വിപണനസാധ്യതകൾ കൂടി ഉറപ്പുവരുത്തണം.

6. ***റബ്ബർതോട്ടങ്ങളിൽ ഇടവിളക്കൃഷി ചെയ്യുമ്പോൾ അടിസ്ഥാനപരമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

റബ്ബർതൈകളുടെ ചുവട്ടിൽനിന്ന് ഒന്നര മീറ്ററെങ്കിലും അകലത്തിൽ മാത്രമേ ഇടവിളകൾ കൃഷിചെയ്യാവൂ. ഇടവിളകൾ നടുമ്പോൾ മണ്ണിളക്കൽ പരമാവധി കുറയ്ക്കണം. ചെരിവുള്ള തോട്ടങ്ങളിൽ ചെരിവിനു കുറുകെ വേണം ഇടവിളകൾ നടാൻ. കൂടുതൽ ചെരിവുള്ള പ്രദേശങ്ങളാണെങ്കിൽ ഇടവിളക്കൃഷി പാടെ ഒഴിവാക്കി ആവരണവിളകൾ വെച്ചു പിടിപ്പിക്കുന്നതാണ് ഉത്തമം. ഇടവിളകൾക്ക് കാർഷിക സർവ്വകലാശാലയുടെ ശുപാർശപ്രകാരമുള്ള ജൈവ-രാസവളങ്ങൾ ഉപയോഗിക്കുകയും അമിതവള പ്രയോഗം ഒഴിവാക്കുകയും വേണം. ഇടവിളകളുടെ വിളവെടുപ്പിനു ശേഷം ബാക്കിവരുന്ന ജൈവാവശിഷ്ടങ്ങൾ വെട്ടിയരിഞ്ഞ് മണ്ണിൽ ചേർക്കുന്നത് നല്ലതാണ്. മുഖ്യവിളയായ റബ്ബറിന്റെ പരിചരണത്തിൽ വീഴ്ച വരാതെ ശ്രദ്ധിക്കേണ്ടതാണ്.

7. ***ഇടവിളകൃഷിക്കനുയോജ്യമായ മഞ്ഞൾ ഇനങ്ങൾ ഏതെല്ലാമാണ്?***

പ്രഗതി, പ്രതിഭ എന്നീ മഞ്ഞൾ ഇനങ്ങൾ പത്തുവർഷത്തിനുമേൽ പ്രായമായ റബ്ബർതോട്ടങ്ങളിൽ കൃഷി ചെയ്യാവുന്നതാണ്.

## റബ്ബർബോർഡിന്റെ വിവിധ ധനസഹായപദ്ധതികൾ

1. ***റബ്ബർകൃഷിവികസനത്തിന് ധനസഹായം ലഭ്യമാണോ?***

പരമ്പരാഗതമേഖലയിൽ റബ്ബർ പുതുക്കൃഷിയും ആവർത്തനക്കൃഷിയും ചെയ്യുന്നതിന് ഒരു വ്യക്തിക്ക് ഹെക്ടർ ഒന്നിന് 40,000 രൂപ വരെ ധനസഹായം ലഭിക്കും. നാലു ഹെക്ടർ വരെ റബ്ബർകൃഷിയുള്ള ഒരാൾക്ക് പരമാവധി ഒരു ഹെക്ടറിന് മാത്രമേ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

2. ***ചെറുകിടത്തോട്ടങ്ങളിൽ റെയിൻഗാർഡിങ് നടത്താനായി ധനസഹായപദ്ധതികൾ നിലവിൽ ഉണ്ടോ?***

റബ്ബർ കൃഷിചെയ്യുന്ന എല്ലാ മേഖലകളിലെയും റബ്ബർതോട്ടങ്ങളിൽ റെയിൻഗാർഡ് ചെയ്യാനായി റബ്ബർബോർഡ് റബ്ബറുത്പാദകസംഘങ്ങൾ മുഖേന ധനസഹായം നൽകുന്നുണ്ട്. ഹെക്ടർ പ്രതി പരമാവധി 4000 രൂപയാണ് ധനസഹായം. ഒരു കർഷകന് പരമാവധി രണ്ടു ഹെക്ടറിന് ധനസഹായം ലഭിക്കും.

3. ***രോഗപ്രതിരോധനടപടികൾക്കായി നൽകുന്ന ധനസഹായപദ്ധതികൾ എന്തൊക്കെയാണ്?***

പരമ്പരാഗത, പാരമ്പര്യേതര മേഖലകളിലെ തോട്ടങ്ങളിൽ അകാലിക ഇലകൊഴിച്ചിൽ, പൊടിക്കുമിൾ രോഗം എന്നിവയ്ക്കെതിരെയുള്ള പ്രതിരോധനടപടികൾ ചെയ്യുന്നതിന് റബ്ബറുത്പാദകസംഘങ്ങൾ മുഖേന ധനസഹായം ലഭിക്കും. ഹെക്ടർ പ്രതി പരമാവധി 4000 രൂപയാണ് ധനസഹായം. ഒരു കർഷകന് പരമാവധി രണ്ടു ഹെക്ടറിന് ധനസഹായം ലഭിക്കും.

4. ***ആവർത്തനക്കൃഷിയോടൊപ്പം ഇടവിളകൾ കൃഷിചെയ്തിരിക്കുന്ന തോട്ടങ്ങൾക്ക് റബ്ബർകൃഷിധനസഹായത്തിന് അർഹതയുണ്ടോ?***

# നീറ്റേണ്ട... കൂട്ടേണ്ട...
# ഇളക്കി നേരിട്ട് പുരട്ടുക

റെഡി ടു യൂസ് കൊണ്ടോടീസ്™
**ബോർഡോ പെയിന്റ്**




4 Kg
4 Kg -1 Box 2 Nos.

1 Kg
1 Kg -1 Box 10 Nos.

500gm
500 gm - 1 Box 20 Nos.

250gm
250 gm - 1 Box 40 Nos.

**50 ലിറ്റർ വെള്ളത്തിൽ 1 ലിറ്റർ കൊണ്ടോടീസ് റെഡി ടു യൂസ് ബോർഡോ പെയിന്റ് ലയിപ്പിച്ചാൽ ബോർഡോ മിശ്രിതമായി ഇലകളിൽ തളിക്കുകയും ചെയ്യാം...**

ചീക്കുരോഗത്തിന് നേരിട്ട് പെയിന്റ് ചെയ്യുക.

**ഇന്ത്യാഗവൺമെന്റിന്റെ പേറ്റന്റ് ലഭിച്ച ഏക ബോർഡോ മിശ്രിതം**

**റബ്ബർ മരങ്ങൾക്കുണ്ടാകുന്ന ചീക്ക് രോഗം, കറ പൊട്ടിയോഴുകുക തുടങ്ങിയവയ്ക്ക് കൊണ്ടോഡിസ് റെഡി ടു യൂസ് ബോർഡൊ പെയിന്റ് ഉത്തമ പ്രതിവിധി ആണ്.**





കാലവർഷത്തിനുശേഷം ഇലപൊഴിച്ചിൽ, ദ്രുതവാട്ടം, കമ്പൊണക്ക്, കായ് പഴുത്തു പൊഴിയൽ, മഞ്ഞളിപ്പ് തുടങ്ങിയ കുമിൾ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. ഇവയ്ക്ക് നീം ഓയിലും പശയും കലർന്ന ഈ ബോർഡോ മിശ്രിതം കുമിൾ രോഗങ്ങളെ പ്രതിരോധിക്കുകയും രോഗം ബാധിച്ചത് സുഖപ്പെടുത്തുകയും ചെയ്യുന്നു.

Copper Oxychloride
**Phytrox**
100gm, 500gm, 25 kg

Also Available
**ബോർഡോ ലൈം**
1 Kg പൗഡർ

തുരിശ് 98%

**We manufacture high quality**
COPPER SULPHATE PENTA
**COPPER SULPHATE**
IS: 2023
CM/L6297584
I KG., 25 KG., 50 KG.
**Crystal & Powder**



**KONDODYS**®
for the best bordeaux spray

മാനുഫാക്ചറേഴ്സ് **SANSON CHEMICAL INDUSTRIES**

ഓഫീസ്: കളക്ട്രേറ്റിന് എതിർവശം, ലൂർദ്ദ് പള്ളിക്ക് സമീപം, കോട്ടയം – 686 002.
ഫോൺ: 0481 – 2564708 E-mail: sanson41@gmail.com, www.kondodys.com
Helpline: Xavier Thomas Kondody (Managing Partner) **9847046229** Vivin X Kondody: **9880033644**

**Coc 50% WDP also available**

**Dealers wanted in all places**



*വി. മനോജ് കുമാർ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

കൈത, വാഴ, പച്ചക്കറികൾ തുടങ്ങിയ ഇടവിളകൾ റബ്ബർബോർഡ് ശുപാർശപ്രകാരം കൃഷിചെയ്തിട്ടുള്ള തോട്ടങ്ങൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**5. *റബ്ബർകൃഷിക്കുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണ്?***

ഓൺലൈൻ ആയിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.rubberboard.gov.in) പ്രവേശിച്ച് പ്രധാന മെനുവിലെ ആറാമത്തെ ഓപ്ഷൻ ആയ 'E-SERVICES' ൽ നിന്നും 'SERVICE PLUS' എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക. ഇതിൽ പദ്ധതിയെ സംബന്ധിച്ച് ഇംഗ്ലീഷിലുള്ള വിശദീകരണമുണ്ട്. അവ നന്നായി വായിച്ചു മനസ്സിലാക്കുക. അപേക്ഷ സമർപ്പിക്കാനുള്ള വിശദമായ വിവരങ്ങൾ അനക്സറിൽ കൊടുത്തിരിക്കുന്നത് മനസ്സിലാക്കി അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. 2025 ഒക്ടോബർ 31 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

**6. *റബ്ബർകൃഷി ധനസഹായത്തിന് അപേക്ഷിക്കുന്നവർ റബ്ബർതൈകൾ റബ്ബർബോർഡിൽ നിന്ന് വാങ്ങിയിരിക്കണമെന്ന് നിർബന്ധമുണ്ടോ?***

റബ്ബർകൃഷിധനസഹായത്തിന് അപേക്ഷിക്കുന്നവർ റബ്ബർതൈകൾ റബ്ബർബോർഡിൽ നിന്നും വാങ്ങിയിരിക്കണമെന്ന് നിർബന്ധമില്ല. എന്നാൽ റബ്ബർബോർഡിന്റെ റജിസ്ട്രേഷൻ / അംഗീകാരമുള്ള നഴ്സറികളിൽ നിന്നായിരിക്കണം തൈകൾ വാങ്ങിയിരിക്കുന്നത്. •

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ലോഗോ രൂപകൽപനാമത്സരം നടത്തുന്നു

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ (എൻ.ഐ.ആർ.റ്റി.) സിൽവർ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ലോഗോ രൂപകൽപനാമത്സരം നടത്തുന്നു

വിഷയം: 25 Years of NIRT

മുകളിൽ കൊടുത്തിരിക്കുന്ന വിഷയത്തെ അധികരിച്ച് രൂപകൽപന ചെയ്ത ഏറ്റവും മികച്ച മൂന്നു ലോഗോകൾക്ക് സമ്മാനം നൽകും. ലോഗോ A4 സൈസ് പേപ്പറിൽ വരച്ച് സ്കാൻ ചെയ്തോ കമ്പ്യൂട്ടർ ഉപയോഗിച്ച് രൂപകൽപന ചെയ്തോ അയയ്ക്കാം.

സൃഷ്ടികൾ 2025 സെപ്റ്റംബർ 25-ാം തീയതിക്കകം താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസത്തിൽ ലഭിച്ചിരിക്കണം.

ഇ-മെയിൽ വിലാസം - rpdt-nirt@rubberboard.org.in

**സമ്മാനത്തുക**

ഒന്നാം സമ്മാനം - 5000 രൂപ

രണ്ടാം സമ്മാനം - 3000 രൂപ

മൂന്നാം സമ്മാനം - 2500 രൂപ

**നിബന്ധനകൾ**

1. അയയ്ക്കുന്ന ആളെ തിരിച്ചറിയാവുന്ന ഒരു വിവരവും സൃഷ്ടികളിൽ ഉണ്ടായിരിക്കരുത്. അയയ്ക്കുന്ന ആളുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ ഇ-മെയിലിൽ ഉൾപ്പെടുത്തണം.
2. തെരഞ്ഞെടുക്കപ്പെടുന്ന ലോഗോ റബ്ബർബോർഡിന്റെ പ്രസിദ്ധീകരണങ്ങളിലും സോഷ്യൽ മീഡിയയിലും ഉപയോഗിക്കുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കും.
3. ഫലപ്രഖ്യാപനം സംബന്ധിച്ച് റബ്ബർബോർഡ് നിയോഗിക്കുന്ന മൂല്യനിർണയ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് - ഫോൺ - 0481-2353127

NIRT Website - training.rubberboard.org.in •

# Guard Against the Monsoon! Secure Your Latex Tapping Channels with

# ANNA RAINPROOF

**(Rain Guarding Compound)**

**WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON**






## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF — Member of Multilateral Recognition Arrangement
ISO 9001:2015 VEXIL BPS MS Q9133755
NABCB QM022
Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**


ANNA INDUSTRIES TM
SINCE 1991

**Anna Industries**
**(An ISO 9001:2015 Certified Company)**
Kolenchery, Cochin, Kerala, Pin: 682 311

**Phone:**
**93 88 60 1632**
**94 95 00 3366**
**0484 2764590**
**0484 2760216**

E-mail: sales@annabusiness.com
annaindustries@ymail.com
annatradersklcy@gmail.com
**www.annabusiness.com**
**Toll Free : 1800 1230 366**

# ഒക്ടോബർ മാസത്തെ കൃഷിപ്പണികൾ



### നഴ്സറിപരിചരണം

നഴ്സറികളിൽ അടിസ്ഥാനവളമായി ഹെക്ടറൊന്നിന് രണ്ടര ടൺ കമ്പോസ്റ്റോ നല്ലതുപോലെ അഴുകിപ്പൊടിഞ്ഞ ചാണകമോ ചേർക്കാം. ഇതോടൊപ്പം 400 കി. ഗ്രാം നന്നായി പൊടിച്ച റോക്ക് ഫോസ്ഫേറ്റും (18 ശതമാനം ഫോസ്ഫറസ് അടങ്ങിയത്) ചേർക്കണം. എല്ലാ വർഷവും ഒരേ തടങ്ങൾ തന്നെയാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ റോക്ക്ഫോസ്ഫേറ്റ് മൂന്നു വർഷത്തിലൊരിക്കൽ ചേർത്താൽ മതിയാകും. കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളിൽ ആദ്യമായി നഴ്സറി തുടങ്ങുമ്പോൾ ആദ്യത്തെ വർഷം അടിസ്ഥാനവളമായി കമ്പോസ്റ്റോ ചാണകമോ ഉപയോഗിക്കേണ്ടതില്ല.

മുളച്ച വിത്തുകൾ നട്ട് ഒന്നര-രണ്ടു മാസങ്ങൾക്കുശേഷം നഴ്സറിയിൽ തൈകൾ ഉള്ള ഭാഗത്ത് ഹെക്ടറിന് 1255 കി. ഗ്രാം എൻ.പി.കെ. എംജി. 10-10-4-1.5 എന്ന മിശ്രിതവും 118 കി. ഗ്രാം മഗ്നീഷ്യം സൾഫേറ്റും ചേർക്കാവുന്നതാണ്. അതിനുശേഷം ആറ്, എട്ട് ആഴ്ചകൾക്കു ശേഷം തൈകൾക്ക് ചവറുവയ്ക്കുന്നതിന് മുമ്പ് നഴ്സറിയിൽ കൃഷിയുള്ള ഒരു ഹെക്ടർ സ്ഥലത്തിന് 275 കി. ഗ്രാം എന്ന തോതിൽ യൂറിയ ഇട്ടുകൊടുക്കണം. തൈകളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് ശാസ്ത്രീയമായ വളപ്രയോഗരീതികൾ അനുവർത്തിക്കേണ്ടതാണ്. ഓരോ നഴ്സറിയിലെയും മണ്ണു പരിശോധിച്ച് വളമിടുന്നതായിരിക്കും കൂടുതൽ ലാഭകരവും പ്രയോജനപ്രദവും. ഇതിന് സൗകര്യമില്ലാത്ത പക്ഷം പൊതുശുപാർശകൾ സ്വീകരിക്കണം.

ആദ്യകാലങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും നഴ്സറിയിലെ കളകൾ നീക്കംചെയ്യണം. നടീലിനുശേഷം രണ്ടോ മൂന്നോ മാസങ്ങൾക്കകം വളർച്ചയില്ലാത്ത തൈകൾ പിഴുതുമാറ്റി കരുത്തുള്ളവ മാത്രം വളരാൻ അനുവദിക്കണം. വേനൽകാലം തുടങ്ങുന്നതിനു മുമ്പായി (നവംബർ, ഡിസംബർ മാസങ്ങളിൽ) തൈകളുടെ ചുവട്ടിൽ ഉണങ്ങിയ ചവർ വയ്ക്കണം. തൈകളുടെ ആരോഗ്യപൂർണമായ വളർച്ചയ്ക്ക് അവ വേനൽകാലത്ത് നനയ്ക്കുന്നത് നന്നായിരിക്കും.

### മരങ്ങൾക്ക് വളമിടൽ

റബ്ബർമരങ്ങൾക്കുള്ള രണ്ടാംഘട്ട വളംചേർക്കൽ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നടത്താം. തൻവർഷം നട്ട തൈകൾക്കുള്ള ആദ്യത്തെ വളപ്രയോഗവും ഈ കാലയളവിൽ നടത്താവുന്നതാണ്. മണ്ണിൽ ആവശ്യത്തിന് ഈർപവും സൂര്യപ്രകാശവുമുള്ള കാലാവസ്ഥയാണ് വളമിടലിന് യോജിച്ചത്. എന്നാൽ, തുടർച്ചയായ മഴ വളമിടലിന് യോജിച്ചതല്ല. വിളവെടുപ്പ് നടക്കുന്ന തോട്ടങ്ങളിൽ ഏപ്രിൽ മെയ് മാസങ്ങളിൽ വളം ചേർക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതുകൂടിച്ചേർത്ത് ഇപ്പോൾ വളമിടാവുന്നതാണ്.

റബ്ബർമരങ്ങൾക്കുള്ള രണ്ടാംഘട്ട വളംചേർക്കൽ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നടത്താം. തൻവർഷം നട്ട തൈകൾക്കുള്ള ആദ്യത്തെ വളപ്രയോഗവും ഈ കാലയളവിൽ നടത്താവുന്നതാണ്. മണ്ണിൽ ആവശ്യത്തിന് ഈർപവും സൂര്യപ്രകാശവുമുള്ള കാലാവസ്ഥയാണ് വളമിടലിന് യോജിച്ചത്.



### ശാഖകൾ മുറിക്കൽ

ബഡ്ഡുമരങ്ങളിൽ ടാപ്പിങ് ആരംഭിക്കുന്നത് 125 സെ.മീ. പൊക്കത്തിൽ ആയതിനാൽ അതുവരെ



ശിഖരങ്ങൾ നിലനിർത്തുന്നത് ടാപ്പിങ്ങിന് ബുദ്ധിമുട്ടാകും. അതിനാൽ ബഡ്ഡുതൈകളിൽ നിലനിരപ്പിൽ നിന്ന് 2.4 മീറ്ററിനു താഴെ വളരുന്ന എല്ലാ ശിഖരങ്ങളും മുറിച്ചുകളയണം. നല്ല മൂർച്ചയുള്ള കത്തിയുപയോഗിച്ച് തായ്ത്തണ്ടിനോടു ചേർത്തുവേണം ശാഖകൾ മുറിക്കാൻ. സാധാരണഗതിയിൽ ആദ്യഘട്ടത്തിൽ ശാഖകൾ മുറിച്ചുകളയുമ്പോൾ മുറിവുണങ്ങാൻ മരുന്നു പുരട്ടേണ്ടിവരികയില്ല.

### ശിഖരം കിളിർപ്പിക്കൽ

റബ്ബർതൈകൾ 2.4 മീറ്റർ (8 അടി) ഉയരമെത്തിക്കഴിഞ്ഞാൽ ആവശ്യത്തിന് ശിഖരങ്ങൾ വളരാൻ അനുവദിക്കണം. 2.4 മീറ്ററിനും 3 മീറ്ററിനും ഇടയിൽ (8-10 അടി) ഉയരത്തിൽ ശിഖരങ്ങൾ കിളിർക്കുന്നതാണ് ഉത്തമം. സ്വാഭാവികമായി ശിഖരങ്ങൾ കിളിർക്കാത്ത തൈകളിൽ കൃത്രിമമായി ശിഖരങ്ങൾ കിളിർപ്പിക്കണം.

ഏറ്റവും മുകൾത്തട്ടിലെ ഇലകൾ മൂപ്പെത്തിനിൽക്കുന്ന സമയത്താണ് ശിഖരം കിളിർപ്പിക്കാൻ ശ്രമിക്കേണ്ടത്. ഈ സമയത്ത് അഗ്രമുകുളത്തിൽ സൂര്യപ്രകാശം പതിക്കാത്ത രീതിയിൽ ഇലകൾ മടക്കി റബ്ബർബാന്റ് ഇട്ടുവെച്ചാൽ മതി. ഇങ്ങനെ ചെയ്തിരിക്കുന്ന തൈകളിൽ ശിഖരങ്ങൾ പൊട്ടിയാൽ ഉടൻതന്നെ ഇലമടക്കിക്കെട്ടി





വെച്ചിരിക്കുന്നത് അഴിച്ചുവിടുകയും അഗ്രമുകുളം തുടർന്ന് വളരാൻ അനുവദിക്കുകയും വേണം. കൂടുതൽ ശിഖരങ്ങൾ പൊട്ടിയിട്ടുണ്ടെങ്കിൽ ചുറ്റിലും മൂന്നോ നാലോ എണ്ണം നിർത്തി ബാക്കിയുള്ളവ ഒരു മൂർച്ചയുള്ള കത്തികൊണ്ട് മുറിച്ചു മാറ്റണം.

### താങ്ങുകൊടുക്കൽ

ചെറുതൈകൾ കാറ്റിൽ വളഞ്ഞുപോകുകയും ഒടിയുകയും ചെയ്യുക സാധാരണമാണ്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ തൈകൾക്ക് താങ്ങുകൊടുക്കുകയോ അവ വലിച്ചുകെട്ടുകയോ ചെയ്യാം. കെട്ടുമ്പോൾ തൈയുടെ പുറന്തൊലിക്ക് കേടുവരാതിരിക്കാൻ ചകിരി, ചാക്ക് മുതലായ എന്തെങ്കിലും കൊണ്ട് പൊതിഞ്ഞ ശേഷമേ കെട്ടാവൂ. കെട്ടുകൾ അധികം മുറുകുകയുമരുത്.

### രോഗനിവാരണം

**ചീക്ക്:** മരങ്ങളിൽ പിങ്കു (ചീക്ക്) രോഗമുണ്ടാകുന്നത് ജൂൺ-ജൂലൈ മാസങ്ങളിലാണെങ്കിലും അതിന്റെ പ്രത്യക്ഷലക്ഷണങ്ങൾ കൂടുതലായി കാണപ്പെടുന്നത് ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ്. രണ്ട് മുതൽ പന്ത്രണ്ട് വരെ വർഷം പ്രായമുള്ള മരങ്ങളാണ് രോഗാക്രമണത്തിന് കൂടുതലായി വിധേയമാകുക. മരങ്ങളുടെ കവരഭാഗത്ത് തൊലിപ്പുറമെ വെളുപ്പോ ഇളം ചുവപ്പോ നിറത്തോടുകൂടി ചിലന്തിവലപോലെ പൂപ്പൽ വളരുകയും കേടുവന്ന ഭാഗത്തുനിന്ന് കറ ഒലിച്ചിറങ്ങി പട്ട അഴുകി വിണ്ടുകീറുകയും ചെയ്യുന്നതാണ് രോഗത്തിന്റെ പ്രധാന ലക്ഷണം. രോഗം ബാധിച്ച ഭാഗത്തിനു താഴെനിന്ന് ധാരാളം പുതിയ കിളിർപ്പുകൾ ഉണ്ടാകും. പ്രാരംഭദശയിൽ, രോഗബാധയുള്ള ഭാഗങ്ങളിലും അതിന് മുപ്പതു സെന്റീമീറ്റർ മുകളിലേക്കും താഴേക്കും നീട്ടി ബോർഡോക്കുഴമ്പു പുരട്ടണം. രോഗബാധ രൂക്ഷമാണെങ്കിൽ കേടുവന്ന ഭാഗത്തെ പട്ട ചുരണ്ടിക്കളഞ്ഞ് വീണ്ടും ബോർഡോക്കുഴമ്പ് പുരട്ടേണ്ടതാണ്. തിറം (0.75





ശതമാനം) എന്ന കുമിൾനാശിനി 10 ഗ്രാം ഒരു കിലോഗ്രാം പെട്രോളിയം ഉത്പന്നത്തിൽ ചേർത്തുണ്ടാക്കിയ മിശ്രിതവും രോഗനിവാരണത്തിന് ഉപയോഗിക്കാം. കഠിനമായ രോഗബാധയിൽ മരങ്ങളുടെ കമ്പുകളും ഇല ച്ചില്ലകളും ഉണങ്ങിയാൽ അവ മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.

**പട്ടചീയൽ:** മഴക്കാലത്തു ടാപ്പുചെയ്യുന്ന മരങ്ങൾക്ക് പട്ടചീയൽ ഉണ്ടാകുന്നത് തടയാൻ അവയുടെ വെട്ടു ചാലിന് സംരക്ഷണം നൽകണം. വെട്ടുചാലും അതിനു രണ്ടര സെ.മീ. വരെ മുകളിലേക്കുള്ള വെട്ടുപട്ടയും മാങ്കോസെബ് (0.375 ശതമാനം) എന്ന കുമിൾനാശിനി അഞ്ചുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനി യുപയോഗിച്ച് 7–10 ദിവസത്തിലൊരിക്കൽ വീതം കഴുകു കയാണ് ഇതിനുള്ള മാർഗം. 100 മരങ്ങൾക്ക് ഉദ്ദേശം ഒരു ലിറ്റർ ലായനി മതിയാകും.

**കൂമ്പുചീയൽ:** നഴ്സറികളിലും തോട്ടങ്ങളിലുമുള്ള ചെറിയ തൈകളെയാണ് കൂമ്പുചീയൽരോഗം കൂടുത ലായി ബാധിക്കുന്നത്. അകാലിക ഇലകൊഴിച്ചിൽ ഉണ്ടാ ക്കുന്ന ഫൈറ്റോഫ്ത്തോറ എന്ന കുമിൾ തന്നെയാണ് ചെറുതൈകളിൽ കൂമ്പുചീയലിനും കാരണമാകുന്നത്. ചെറുമരങ്ങൾക്ക് വെള്ളത്തിൽ കലക്കാവുന്ന ചെമ്പു കുമിൾ നാശിനി തളിക്കാവുന്നതാണ്. ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രമോ 0.125 ശതമാനം കോപ്പർ ഓക്സി ക്ലോറൈഡോ ഉപയോഗിച്ച് കൂമ്പുചീയൽ തടയാം. •

## കൊതുകുകളെ നിയന്ത്രിക്കുക; പകർച്ചപ്പനി തടയുക

മഴക്കാലത്ത് മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുക സാധാരണമാണ്. മരപ്പൊത്തുകളിലും ചെറിയ അടപ്പുകളിലും പോലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുകുകൾ പെരുകാം. ശ്രദ്ധിച്ചില്ലെങ്കിൽ ചിരട്ടകളിലും റെയിൻഗാർഡുകളുടെ മടക്കുകളിലും പശയുടെ ടിന്നുകളിലും ഒക്കെ വെള്ളം കെട്ടിനിൽക്കാം. കൊതുകിന്റെ ഉപദ്രവം ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് ടാപ്പിങ്തൊഴിലാളികളാണ്.

- കൊതുകുകൾ പരത്തുന്ന ചിക്കുൻഗുനിയയ്ക്കും ഡെങ്കിപ്പനിക്കുമെതിരെ ജാഗ്രത പുലർത്തുക.
- വീടും പരിസരവും വെള്ളം കെട്ടിക്കിടക്കാത്തവിധം വൃത്തിയായി സൂക്ഷിക്കുക.
- പറമ്പിൽ ഉപേക്ഷിച്ച ചിരട്ടകൾ, പ്ലാസ്റ്റിക്കുകൾ, പാത്രങ്ങൾ, ടിന്നുകൾ, ടയറുകൾ, ബാരലുകൾ തുടങ്ങി യവ നീക്കം ചെയ്യുക.
- ജലസംഭരണികൾ കൊതുകു കടക്കാത്തവിധം മൂടുക.
- റബ്ബർപാൽ എടുത്തശേഷം ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- ടാപ്പിങ് നിർത്തിവച്ച തോട്ടങ്ങളിലും ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- വെള്ളം കെട്ടിനിൽക്കാതെ റെയിൻഗാർഡ് ശരിയായി താഴ്ത്തിയിടുക.
- മഴവെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ റബ്ബർതോട്ടങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
- വീട്ടിലെ പൂപ്പാത്രങ്ങളിലും പൂപ്പാത്രങ്ങൾ വയ്ക്കുന്ന പാത്രങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

*പൊതുതാൽപര്യാർത്ഥം റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്നത്.*

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2025 ഒക്ടോബർ മാസത്തെ പരിശീലനപരിപാടികൾ

1. **റബ്ബർകൃഷി**
   റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാല പരിശീലനം ഒക്ടോബർ 06 മുതൽ 10 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽ സമ്പ്രദായങ്ങൾ, വളമിടൽ, രോഗ-കീടങ്ങളുടെ നിയന്ത്രണം, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും നഴ്സറിയുടമകൾ, തോട്ടംമേഖലയിൽ നിന്നുള്ളവർ എന്നിവർക്കും അപേക്ഷിക്കാവുന്നതാണ്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനഫീസ് 2000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**
   റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ഒക്ടോബർ 13 മുതൽ 17 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്ട് ഡിസൈൻ; റബ്ബർബാന്റ്, കയ്യുറകൾ, ഫോം റബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



**3. ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ**

ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽ സംഭരണം, ഷീറ്റുറബ്ബർ നിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻബുക്ക് നിബന്ധനകൾ എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഒക്ടോബർ 14, 15 തീയതികളിൽ നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റു നിർമാതാക്കൾ, ഉത്പന്നനിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലന ഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**4. റബ്ബർടാപ്പിങ്**

റബ്ബർടാപ്പിങ്ങിലുള്ള പരിശീലനം ഒക്ടോബർ 21, 22 തീയതികളിൽ നടക്കും. നൂതന ടാപ്പിങ്‌രീതികൾ. ഉത്തേജകഔഷധപ്രയോഗം, ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തവെട്ട് എന്നിവയിൽ പരിശീലനം നൽകും. പരിശീലന ഫീസ് 1100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**5. ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരിശീലനം ഒക്ടോബർ 22 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കും. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**6. നഴ്സറിപരിപാലനം**

റബ്ബർനഴ്സറിപരിപാലനത്തിൽ പരിശീലനം ഒക്ടോബർ 27, 28 തീയതികളിൽ നടക്കും. നഴ്സറി പരിപാലനത്തിൽ ശാസ്ത്രീയമായ അറിവ് നൽകുക എന്നതാണ് ഈ രണ്ടുദിവസത്തെ പരിശീലന പരിപാടിയുടെ ലക്ഷ്യം. കൃഷിക്കാർക്കും നഴ്സറിയുടമകൾക്കും ഈ പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**7. വളമിടൽ**

റബ്ബർമരങ്ങളുടെ വളമിടലിനെക്കുറിച്ചുള്ള പരിശീലനം (ഓൺലൈൻ) ഒക്ടോബർ 31-ന് നടക്കും. കർഷകർ, എസ്റ്റേറ്റ് മാനേജർമാർ, നഴ്സറിയുടമകൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലന ഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 04812353127 (വ്യവസായം), 9495928077 (കൃഷി), 9495928077 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# 'റബ്ബർമാസിക'അറുപതുസംവത്സരങ്ങൾ പിന്നിടുമ്പോൾ

1965-ൽ പ്രസിദ്ധീകരണമാരംഭിച്ച 'റബ്ബർമാസിക' ഇന്നിതാ ആറ് പതിറ്റാണ്ടുകൾ പിന്നിട്ട് ഷഷ്ഠ്യബ്ദപൂർത്തിയുടെ നിറവിലെത്തിയിരിക്കുന്നു. നമ്മൾ മനുഷ്യരെ സംബന്ധിച്ച് ഒരു പുരുഷായുസ്സിൽ ഏറ്റവും അനുഗ്രഹീതവും ധന്യവുമായ മുഹൂർത്തമാണ് ഷഷ്ഠ്യബ്ദപൂർത്തി. മക്കളും പേരക്കുട്ടികളും ബന്ധുമിത്രാദികളും ചേർന്ന് അത് ആഹ്ലാദപൂർവ്വം ആഘോഷിക്കുകയും ചെയ്യാറുണ്ട്. റബ്ബർകൃഷിമേഖലയുടെയും വ്യവസായത്തിന്റെയും സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികാസത്തിനും ഒരു ചാലകശക്തിയായി വർത്തിച്ച റബ്ബർമാസികയുടെയും ഷഷ്ഠ്യബ്ദപൂർത്തിയാഘോഷം അങ്ങനെതന്നെ നടക്കുകയുണ്ടായി. കർഷകരും വിജ്ഞാനവ്യാപന വികസന ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരും മാധ്യമപ്രതിനിധികളും വ്യവസായ സംരംഭകരും റബ്ബർകർഷക കൂട്ടായ്മകളുടെ സാരഥികളുമെല്ലാം പങ്കെടുത്ത ആഘോഷം അക്ഷരാർത്ഥത്തിൽ ഒരു കാർഷിക വിജ്ഞാനോത്സവമായിരുന്നു. കോട്ടയത്ത് റബ്ബർഗവേഷണകേന്ദ്രത്തിൽ നടന്ന വജ്രജൂബിലി സംഗമത്തിൽ നാടിനെ സമ്പൽസമൃദ്ധമാക്കിയ ഈ ധനവിളയുടെ വ്യാപന-വികസന വഴിയിൽ പങ്കാളികളായ റബ്ബർബോർഡിൽ നിന്ന് വിരമിച്ച ഉദ്യോഗസ്ഥരും ഗൃഹാതുരമനസ്സോടെ പങ്കാളികളായി.

ആറ് ദശാബ്ദങ്ങൾക്ക് മുമ്പ് റബ്ബർകൃഷിയുമായി ബന്ധപ്പെട്ട നൂതനമായ അറിവുകളും ശാസ്ത്രീയ പരിപാലനമുറകളും സംസ്കരണ വിപണന നിർദ്ദേശങ്ങളുമെല്ലാം കൃഷിക്കാരുടെ ഉമ്മറത്തെത്തിക്കുക എന്ന ഉദാത്തമായ ലക്ഷ്യത്തോടെ 'റബ്ബർ' എന്ന കാർഷിക പ്രസിദ്ധീകരണത്തെക്കുറിച്ച് ചിന്തിച്ച പൂർവ്വസൂരികൾക്ക് വിനീത പ്രണാമം! മാസികയുടെ പ്രഥമ എഡിറ്ററായിരുന്ന പിൽക്കാലത്ത് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറായി വിരമിച്ച പി.കെ. നാരായണൻ അടക്കമുള്ള റബ്ബർ മാസികയുടെ അണിയറ ശിൽപികളെയെല്ലാം സ്മരിക്കുന്നു.

ഇവിടെ പ്രത്യേകം പരാമർശിക്കേണ്ട ഒരു വസ്തുതയുണ്ട്. റബ്ബർ എന്ന ഒരേയൊരു വിളയിൽ ഒതുങ്ങിനിന്നുകൊണ്ട് ഒരു പ്രസിദ്ധീകരണം അറുപത് സംവത്സരങ്ങൾ പിന്നിട്ടു എന്നത് ചെറിയ കാര്യമല്ല. മറ്റ് കാർഷിക മാസികകൾ ഏതുതന്നെയായാലും വിഷയവൈവിധ്യതയ്ക്കുള്ള അനന്തസാദ്ധ്യതകൾ വളരെയേറെയാണ്. പ്രത്യേകിച്ച് മുഖ്യധാരാ കാർഷികപ്രസിദ്ധീകരണങ്ങളുടെ കാര്യമെടുത്താൽ കൃഷികാര്യങ്ങളോടൊപ്പം നിത്യജീവിതവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ഇതിൽ ഉൾച്ചേർത്തിട്ടുണ്ടെന്ന് കാണാം. വൈവിദ്ധ്യതയും ബഹുസ്വരതയും കൂടുതൽ സ്വീകാര്യമാകുക എന്നത് മനുഷ്യസഹജമായ വാസനയാണ്. പക്ഷേ ഏകതാന വിളയായ റബ്ബറിനെ മാത്രം അധികരിച്ചുള്ള 'റബ്ബർ' മാസിക റബ്ബർകർഷർ ഒരു ആധികാരിക പാഠപുസ്തകം കണക്കേ ഉപയോഗപ്പെടുത്തി! വർഷം കണക്കാക്കി മാസികയുടെ പ്രതികൾ കുത്തിക്കെട്ടി റഫറൻസിനായി സൂക്ഷിച്ചിട്ടുള്ള കാർഷകരുണ്ടെന്നത് ഈ പ്രസിദ്ധീകരണത്തിന്റെ സ്വീകാര്യതയുടെ സാക്ഷ്യമാണ്.

കേരളത്തിൽ പ്രചുരപ്രചാരമുള്ള ഇതര കാർഷിക പ്രസിദ്ധീകരണങ്ങളെക്കുറിച്ചുകൂടി പരാമർശിച്ചാലെ റബ്ബർമാസികയുടെ നാൾവഴി അർത്ഥവത്താകൂ. ഏറ്റവും പുരാതനത്വമുള്ള കാർഷികപ്രസിദ്ധീകരണം കൃഷിവകുപ്പിന്റെ 'മുഖപത്രം' എന്ന് വിശേഷിപ്പിക്കാവുന്ന 'കേരളകർഷകൻ' മാസികയാണ്. 1954-ൽ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിലെ കൃഷിവകുപ്പ് പ്രസിദ്ധീകരിച്ച പ്രഥമ കാർഷിക പ്രസിദ്ധീകരണമാണിത്. അന്ന് 12 അണയായിരുന്നു ഇതിന്റെ വാർഷിക വരിസംഖ്യ. പിന്നീട് മാസിക തുടർച്ചായി പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല. എന്നാൽ ഐക്യകേരളപ്പിറവിയോടെ 'കേരളകർഷകൻ' കൂടുതൽ മെച്ചപ്പെട്ട നിലയിൽ പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും എഡിറ്ററായി ഫാം ജേർണലിസത്തിന്റെ കുലപതിയെന്ന് വിശേഷിപ്പിക്കാവുന്ന ആർ. ഹേലിയെ നിയോഗിക്കുകയും ചെയ്തു. 1957 ഒക്ടോബർ മുതൽ കേരളകർഷകൻ പുതിയ രൂപഭാവത്തിൽ പ്രസിദ്ധീകരണമാരംഭിച്ചു. കൃഷിവകുപ്പിന്റെ ഇൻഫർമേഷൻ സർവ്വീസും യൂണിറ്റും സംയോജിപ്പിച്ച് 1969-ൽ ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് രൂപംകൊടുത്തപ്പോൾ കേരളകർഷകന്റെ പ്രസിദ്ധീകരണച്ചുമതല ഈ സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിലായി. ഇന്ന് ഏറെ ആകർഷകമായും വിഭവസമ്പന്നമായും പ്രസിദ്ധീകരിക്കുന്ന 'കേരള കർഷകൻ' മാസിക കർഷകർക്കും കൃഷിയെ സ്നേഹിക്കുന്നവർക്കും ഏറെ പ്രിയതരമായിരിക്കുന്നു.

ഇന്ന് നിരവധി കാർഷിക പ്രസിദ്ധീകരണങ്ങൾ കേരളത്തിലുണ്ട്. ഇതു കൂടാതെ വർത്തമാനപ്പത്രങ്ങളിലെ കാർഷികരംഗം പംക്തിയുമുണ്ട്. 1975-ൽ മാതൃഭൂമി ദിനപ്പത്രമാണ് കേരളത്തിൽ പത്രങ്ങളിലൂടെയുള്ള കാർഷികരംഗത്തിന് തുടക്കമിട്ടത്.

തെങ്ങുകൃഷിക്ക് ഊന്നൽ നൽകി നാളീകേര വികസനബോർഡ് പ്രസിദ്ധീകരിക്കുന്ന 'ഇന്ത്യൻ നാളികേര ജേർണൽ' ഏറ്റവും പഴക്കമുള്ള കാർഷിക പ്രസിദ്ധീകര

ണങ്ങളിൽ ഒന്നാണ്. കേര കാർഷികമേഖലയുടെ സർവ്വതലസ്പർശിയായ മാറ്റത്തിന് പിന്നിൽ പ്രസാധനത്തിന്റെ 77 വർഷങ്ങൾ പിന്നിട്ട ഈ പ്രസിദ്ധീകരണം വഹിച്ച പങ്ക് ചെറുതല്ല.

രാഷ്ട്രദീപിക പ്രസിദ്ധീകരണമായ കർഷകൻ മാസികയും മലയാള മനോരമയുടെ 'കർഷകശ്രീ' മാസികയും കാർഷിക കേരളത്തെ തൊട്ടുണർത്തുന്ന കാർഷിക പ്രസിദ്ധീകരണങ്ങളാണ്. മലയാള മനോരമ 1995-ലാണ് 'കർഷകശ്രീ' പ്രസിദ്ധീകരിച്ചു തുടങ്ങിയത്.

കാർഷിക വിജ്ഞാനവ്യാപന ദൗത്യത്തിൽ നമ്മുടെ ദൃശ്യശ്രവ്യ മാധ്യമങ്ങളും ഉത്തരവാദിത്വപൂർണമായ പങ്കാണ് നിർവ്വഹിച്ചത്. രാജ്യത്തെ ഭക്ഷ്യഭദ്രമാക്കുന്നതിനുള്ള മഹത്തായ യജ്ഞത്തിൽ രാജ്യത്തിന്റെ പൊതുസേവന പ്രക്ഷേപണ മാധ്യമമായ ആകാശവാണി നിർവ്വഹിച്ച പങ്ക് വികസനോന്മുഖ മാധ്യമ ഇടപെടലിന്റെ ദൃഷ്ടാന്തമാണ്. നാട്ടിൻപുറം, റേഡിയോ ഗ്രാമരംഗം എന്നീ പേരുകളിലാണ് കേരളത്തിൽ കാർഷിക പരിപാടികൾ ആദ്യകാലത്ത് പ്രക്ഷേപണം ചെയ്തിരുന്നത്. എന്നാൽ കാർഷിക പ്രക്ഷേപണ ചരിത്രത്തിലെ ആകാശവാണിയുടെ പ്രകാശമാനമായ മുഖമാണ് 'വയലും വീടും'. ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്ക് ഊന്നൽ നൽകി വിജ്ഞാനവ്യാപന ലക്ഷ്യത്തോടെ കേന്ദ്ര വാർത്തവിതരണ പ്രക്ഷേപണ മന്ത്രാലയം 'വയലും വീടും' എന്ന സമഗ്ര കാർഷിക പ്രക്ഷേപണത്തിന് തുടക്കമിട്ടത് 1966 ലാണ്. രാജ്യത്താകെ 10 നിലയങ്ങളിൽ 'വയലും വീടും' ആരംഭിച്ചപ്പോൾ ആകാശവാണിയുടെ തൃശൂർ നിലയവും അതിൽ ഒന്നായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1972-ൽ കോഴിക്കോട്ടും 1988-ൽ തിരുവനന്തപുരത്തും 'വയലും വീടും' ആരംഭിച്ചു. ഇന്നിതാ രാജ്യത്തെ എല്ലാ പ്രധാന ആകാശവാണി നിലയങ്ങളും 'വയലും വീടും' പ്രക്ഷേപണം ചെയ്യുന്നുണ്ട്. കേരളത്തെ സംബന്ധിച്ച് കർഷകരുടെ സന്തത സഹചാരിയായി വിത്തു മുതൽ വിപണി വരെ പ്രായോഗിക നിർദ്ദേശങ്ങളും ഫലവത്തായ ഉപദേശങ്ങളും ശാസ്ത്രീയമായ അറിവുകളും പങ്കുവച്ചുകൊണ്ട് ആകാശവാണിയും ഒപ്പമുണ്ട്.

സമഗ്രതയോടെ പ്രക്ഷേപണം ചെയ്ത എത്രയെത്ര കൃഷിപാഠ പരമ്പരകൾ! ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സഹകരണത്തോടെ നിത്യേന രാവിലെ പ്രക്ഷേപണം ചെയ്യുന്ന കാർഷിക മേഖലാ വാർത്തകളും കർഷകരുമായി നേരിട്ട് സംവദിക്കുന്ന തൽസമയ 'ഹരിതം ഹലോ ആകാശവാണി' തുടങ്ങിയവയെല്ലാം കേരളത്തിലെ കാർഷികമേഖലയുടെ സുസ്ഥിരതയ്ക്ക് വളവും വെള്ളവും പോലെ പ്രയോജകീഭവിച്ച റേഡിയോപരിപാടികളാണ്. ഈ പരിപാടികളുടെ വലിയ പ്രയോജനം റബ്ബർകൃഷിമേഖലയ്ക്കും ലഭിച്ചിട്ടുണ്ട്. കാർഷിക മേഖലാ വാർത്തകളിൽ റബ്ബർകൃഷി വികസനവാർത്തകളും പരിശീലനവിവരങ്ങളും പ്രക്ഷേപണം ചെയ്യാത്ത ഒരു ദിവസംപോലുമില്ല. റബ്ബർ എന്ന കല്പധേനു, കനകം കൊയ്യാൻ റബ്ബർ കരുത്തോടെ കർഷകർ തുടങ്ങി എത്രയെത്ര പരമ്പരകളാണ് റബ്ബർകൃഷിയെ അധികരിച്ച് ആകാശവാണി പ്രക്ഷേപണം ചെയ്തിട്ടുള്ളത്.

ദൂരദർശൻ അടക്കമുള്ള ദൃശ്യമാധ്യമങ്ങളും കാർഷിക പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിൽ ശ്രദ്ധപതിപ്പിച്ചിരുന്നു. 1985-ലാണ് തിരുവനന്തപുരം ദൂരദർശൻ വഴി മലയാള സംപ്രേഷണം ആരംഭിക്കുന്നത്. 'നാട്ടിൻപുറം' എന്ന കാർഷിക പരിപാടി തുടർച്ചയായി സംപ്രേഷണം ചെയ്തിരുന്നു. 'ഗ്രീൻകേരള എക്സ്പ്രസ്സ്' എന്ന ശ്രദ്ധേയമായ കാർഷിക പരമ്പര രാജ്യമാകെ ശ്രദ്ധിച്ച ദൂരദർശന്റെ ഒരു കാർഷിക സംപ്രഷണമായിരുന്നു. ഏഷ്യാനെറ്റ്, കൈരളി, അമൃത തുടങ്ങി മറ്റെല്ലാ സ്വകാര്യ ടെലിവിഷൻ ചാലനുകളും കാർഷിക പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിൽ ജാഗ്രത കാണിക്കുന്നുണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഗ്രന്ഥശാലകളിലെ കൃഷിപുസ്തക കോർണറുകൾ എന്നിവ കൃഷിക്ക് നൽകുന്ന ഉണർവും ഉത്തേജനവും വിലപ്പെട്ടതാണ്. ഈ പുതിയകാലത്ത് നവമാധ്യമങ്ങൾ നിർവ്വഹിക്കുന്ന പങ്കും എടുത്തു പറയേണ്ടതാണ്. ബ്ലോഗ്, വ്ളോഗ്, റീൽസ്, യൂട്യൂബ്, വാട്ട്സാപ്പ് തുടങ്ങിയ നവമാധ്യമ സങ്കേതങ്ങളെല്ലാം തന്നെ കൃഷിയിലെ നവീനമായ സാദ്ധ്യതകളും സന്ദേശങ്ങളും അറിവനുഭവങ്ങളും അനുനിമിഷം സമൂഹത്തിൽ സന്നിവേശിപ്പിക്കുന്നു.

മറ്റെല്ലാ മാധ്യമങ്ങളും വൈവിധ്യതയുടെ പുഷ്ക്കലമായ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ റബ്ബർമാസിക ഏകതാനമായി ഒരേയൊരു വിളയായ റബ്ബർകൃഷിയുടെയും റബ്ബർകൃഷിമേഖലയുടെയും ശബ്ദവും ശക്തിയുമായി അറുപത് സംവത്സരങ്ങൾ പിന്നിടുന്നു എന്നത് വിജ്ഞാനവ്യാപനവീഥിയിലെ വേറിട്ടൊരു അടയാളപ്പെടുത്തൽ തന്നെയാണ്. 'റബ്ബർ' മാസികയുടെ സഞ്ചാരപഥങ്ങളിലെ വഴികളും വഴിത്താരകളും ഒരു മാധ്യമ സംഗമവേദിയൊരുക്കി വിജ്ഞാന സമ്പുഷ്ടമാക്കിയ എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശന്റെ അക്ഷരപുണ്യ മനസ്സിന് നമോവാകം. പൂർവ്വസൂരികൾ തുടങ്ങി വെച്ച ഈ വിജ്ഞാനവ്യാപന തീർത്ഥയാത്രയെ കേരളീയ സമൂഹത്തെ ഓർമിപ്പിക്കാനും ഓർക്കാനും അവസരമൊരുക്കിയ മാസികയുടെ പ്രസിദ്ധീകരണ വിഭാഗത്തിനും ഹൃദയംഗമമായ നന്ദി. •

## റബ്ബർബോർഡ് കോൾസെന്റർ
## പ്രത്യേക ഫോൺ - ഇൻ പരിപാടി



**ധനസഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ നേടാൻ ഓൺലൈൻ അപേക്ഷ**

റബ്ബർകൃഷിവികസനത്തിനായി റബ്ബർബോർഡ് നടപ്പാക്കുന്ന ധനസഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ നേടാൻ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2025 സെപ്റ്റംബർ 17 ബുധനാഴ്ച രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ ഫോണിലൂടെ മറുപടി പറയും.

**റബ്ബറിന്റെ വളപ്രയോഗശുപാർശകൾ**

റബ്ബറിന്റെ വളപ്രയോഗശുപാർശകൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 സെപ്റ്റംബർ 24 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ദിലീപ് സി.എൽ. മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2025 ആഗസ്റ്റ് 1 | 20600 | 20200 | 14055 | 20600 | 20200 | 18011 | 17930 |
| 2025 ആഗസ്റ്റ് 2 | 20400 | 20000 | അവധി | 20400 | 20000 | അവധി | അവധി |
| 2025 ആഗസ്റ്റ് 3 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ആഗസ്റ്റ് 4 | 20400 | 20000 | 14160 | 20400 | 20000 | 17850 | 17770 |
| 2025 ആഗസ്റ്റ് 5 | 20400 | 20000 | 14160 | 20400 | 20000 | 18268 | 18187 |
| 2025 ആഗസ്റ്റ് 6 | 20400 | 20000 | 14160 | 20400 | 20000 | 18638 | 18557 |
| 2025 ആഗസ്റ്റ് 7 | 20400 | 20000 | 14160 | 20400 | 20000 | 18869 | 18787 |
| 2025 ആഗസ്റ്റ് 8 | 20300 | 19900 | 14055 | 20300 | 19900 | 18855 | 18774 |
| 2025 ആഗസ്റ്റ് 9 | 20200 | 19900 | അവധി | 20200 | 19900 | അവധി | അവധി |
| 2025 ആഗസ്റ്റ് 10 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ആഗസ്റ്റ് 11 | 20100 | 19800 | 13950 | 20100 | 19800 | ലഭ്യമല്ല | ലഭ്യമല്ല |
| 2025 ആഗസ്റ്റ് 12 | 20100 | 19800 | 13845 | 20100 | 19800 | അവധി | അവധി |
| 2025 ആഗസ്റ്റ് 13 | 20000 | 19700 | 13735 | 20000 | 19700 | 19227 | 19145 |
| 2025 ആഗസ്റ്റ് 14 | 19900 | 19600 | 13735 | 19900 | 19600 | 19291 | 19210 |
| 2025 ആഗസ്റ്റ് 15 | അവധി | അവധി | അവധി | അവധി | അവധി | 19135 | 19054 |
| 2025 ആഗസ്റ്റ് 16 | 19800 | 19500 | അവധി | 19800 | 19500 | അവധി | അവധി |
| 2025 ആഗസ്റ്റ് 17 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ആഗസ്റ്റ് 18 | 19700 | 19400 | 13630 | 19700 | 19400 | 18676 | 18596 |
| 2025 ആഗസ്റ്റ് 19 | 19600 | 19300 | 13525 | 19600 | 19300 | 18630 | 18549 |
| 2025 ആഗസ്റ്റ് 20 | 19400 | 19100 | 13315 | 19400 | 19100 | 18165 | 18085 |
| 2025 ആഗസ്റ്റ് 21 | 19200 | 18900 | 13105 | 19200 | 18900 | 18210 | 18130 |
| 2025 ആഗസ്റ്റ് 22 | 19000 | 18700 | 13105 | 19000 | 18700 | 18567 | 18487 |
| 2025 ആഗസ്റ്റ് 23 | 18900 | 18600 | അവധി | 18900 | 18600 | അവധി | അവധി |
| 2025 ആഗസ്റ്റ് 24 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ആഗസ്റ്റ് 25 | 18900 | 18600 | 13210 | 18900 | 18600 | 18912 | 18832 |
| 2025 ആഗസ്റ്റ് 26 | 18900 | 18600 | 13210 | 18900 | 18600 | 19201 | 19120 |
| 2025 ആഗസ്റ്റ് 27 | 18900 | 18600 | 13210 | 18900 | 18600 | 18925 | 18844 |
| 2025 ആഗസ്റ്റ് 28 | 18900 | 18600 | 13210 | 18900 | 18600 | 18843 | 18762 |
| 2025 ആഗസ്റ്റ് 29 | 18900 | 18600 | 13210 | 18900 | 18600 | 18691 | 18610 |
| 2025 ആഗസ്റ്റ് 30 | 18950 | 18650 | അവധി | 18950 | 18650 | അവധി | അവധി |
| 2025 ആഗസ്റ്റ് 31 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| **ശരാശരി** | **19690** | **19362** | **13637** | **19690** | **19362** | **18682** | **18602** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല – പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | മെയ് 2025 | മെയ് 2024 | ഏപ്രിൽ 2025 മുതൽ മെയ് 2025 വരെ | ഏപ്രിൽ 2024 മുതൽ മെയ് 2024 വരെ | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 23500 | 19425 | 44750 | 38900 | 550875 | |
| ബ്ലോക്കുറബ്ബർ | 15700 | 13250 | 30550 | 25750 | 197500 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 7850 | 7250 | 14850 | 14300 | 107350 | |
| മറ്റുള്ളവ | 950 | 1075 | 1850 | 2050 | 19275 | |
| **ആകെ** | **48000** | **41000** | **92000** | **81000** | **875000** | **13.6** |
| **ഉപഭോഗം*** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 54000 | 51150 | 106000 | 102950 | 584950 | |
| ബ്ലോക്കുറബ്ബർ | 55100 | 59850 | 107600 | 113350 | 680700 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 9900 | 8100 | 19900 | 15700 | 108700 | |
| മറ്റുള്ളവ | 4000 | 2900 | 7500 | 5500 | 35650 | |
| **ആകെ** | **123000** | **122000** | **241000** | **237500** | **1410000** | **1.5** |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **76933** | **84534** | **149841** | **162895** | **946230** | **–8.0** |
| **ഇറക്കുമതി/കയറ്റുമതി** (ടൺ) | | | | | | |
| **ഇറക്കുമതി (p)** | 39845 | 45620 | 82092 | 85786 | 550918 | |
| **കയറ്റുമതി (p)** | 233 | 252 | 499 | 489 | 4819 | |


**2025 മെയ് അവസാനത്തെ സ്റ്റോക്ക്** (ടൺ)


| | | | |
|---|---|---|---|
| കർഷകർ | 61000 | ഷീറ്റുറബ്ബർ | 190000 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 92000 | ബ്ലോക്കുറബ്ബർ | 76000 |
| ടയർനിർമ്മാതാക്കൾ (C) | 113500 | റബ്ബർപാൽ (ഡി. ആർ. സി.) | 26000 |
| മറ്റു വ്യവസായികൾ | 48500 | മറ്റുള്ളവ | 23000 |
| **ആകെ** | **315000** | **ആകെ** | **315000** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ.
*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്





Alleppey Latex P Ltd
Maniyamkulam, Chennadu P.O, Kottayam- 686581
37 വർഷത്തെ സേവന പാരമ്പര്യം
കർഷകന് പരമാവധി വില
നൽകി റബ്ബർപാൽ സംഭരിക്കുന്നു.
Hazzle Free Transaction.
സുതാര്യമായ ബാങ്ക് ഇടപാടുകൾ, കൃത്യമായ അളവ്, തൂക്കം DRC
Assured Market.
കേരളത്തിലെ വിപണി വിലയ്ക്കു വിൽക്കുവാൻ കൃഷിക്കാർക്ക് എല്ലാ ദിവസവും അവസരം.
94953 61444
89431 51444
GroRight Rubber
Nitte, Karkala Thaluk, Udupi dist, Karnataka, S-India-574 110.
+91 76249 70524, 94491 22424
grorightrubber@gmail.com

RUBBER MONTHLY (MALAYALAM)
Published on 11 September 2025
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar